# The Malankara Orthodox Church

## പരിശുദ്ധ മാമൂദീസാ കൂദാശ ക്രമം

## THE SACRAMENT OF HOLY BAPTISM

## ENGLISH & MALAYALAM

## ഇംഗ്ലീഷും മലയാളവും ഇടകലർന്ന്

*Compiled, Typed, Typesett, Printed & Published: Joykutty Detroit*

# The Malankara Orthodox Church

# പരിശുദ്ധ മാമൂദീസാ കൂദാശ ക്രമം

# THE SACRAMENT OF HOLY BAPTISM

## ENGLISH & MALAYALAM

## ഇംഗ്ലീഷും മലയാളവും ഇടകലന്ന്

First Published November 2nd 2002
Second Edition with correction on July 15th 2008
Third Edition published for online July 14th 2010

P.P. JOYKUTTY
2686 ATHENA Dr.
TROY, MI-48083-2468
248-740-4923
anujanmon@cs.com

*Compiled, Typed, Typesett, Printed & Published: Joykutty Detroit*

# CONTENTS


1. Intial Prayer
2. Kukilon
3. Yuhanon sovo
4. Promeon
5. Sedro
6. Qolo (Abed Mor)
7. D-Pirmo
8. Soomoro
9. Decons Bible readings
10. Gospel
11. Exorcism
12. An alternate prayer of Adjuration
13. The Godparent Renounces Satan
14. The Godparent say the profesion faith
15. The Nicene Creed
16. The Celebrant sealed with the oil of gladnes
17. Hymn (Kookoyo)
18. Invocation of the Holy Spirit
19. Pours the Holy Mooron into the water
20. Baptizant descend into the baptismal font
21. Celebrant anoints the baptized with Mooron
22. The baptized crowing
23. Soogeeso
24. Hutomo
25. The dismissal
26. Prayer for the removal of the crown

## THE ORDER OF THE SACRAMENT OF HOLY BAPTISM

## പരിശുദ്ധ മാമ്മൂദീസാ കൂദാശ ക്രമം

**The Godfather/Godmother carries the child male/female**
**(A Man/A woman)**
**(തലതൊട്ടപ്പൻ/തലതൊട്ടമ്മ പുരുഷൻ/സ്ത്രീ കുട്ടിയെ എടുത്തു നിൽക്കുന്നു)**

### INITIAL PRAYER
### പ്രാരംഭ പ്രാർത്ഥന

*Celebrant*: Glory be to the Father and to the Son and to The Holy Spirit.
പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി

*Response*: And on us weak and sinful servants, may His Mercy and compassion be bestowed in both worlds For ever and ever. *Amen.*
ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ കരുണയും കൃപയും രണ്ടുലോകങ്ങളിലും എന്നന്നേയ്ക്കും ഉണ്ടായിരിക്കട്ടെ.

*Celebrant*: O Lord God, make us worthy, of that spiritual Priestly service which Thou hast entrusted to Thy Holy Apostles to baptize with fire and Spirit. Grant O Lord, through the mediation of us sinners, Salvation to the soul of this Thy servant who approached Thee for washing and rebirth; and he/she may find mercy and clemency, now and always and forever. *Amen.*
ദൈവമായ കർത്താവേ! അഗ്നിയാലും ആത്മാവാലും ജ്ഞാനസ്നാനം നൽകുവാൻ വേണ്ടി തന്റെ വിശുദ്ധ ശ്ലീഹന്മാരെ താൻ വിശ്വാസപൂർവ്വം ഭരമേല്പിച്ചതായ ആ ആത്മീയ പൗരോഹിത്യ ശുശ്രൂഷയ്ക്കു ഞങ്ങളെ യോഗ്യരാക്കണമെ. കർത്താ

വേ! ഇപ്പോൾ സ്നാനത്തിനും വീണ്ടും ജനനത്തിനുമായി അ ടുത്തു വരുന്ന ഇവന്റെ/ഇവളുടെ ആത്മാവിനു പാപികളാ യ ഞങ്ങളുടെ മാദ്ധ്യസ്ഥം മൂലം രക്ഷ ലഭിക്കുകയും ഇവൻ (ഇവൾ) അനുഗ്രഹങ്ങളും കരുണയും പ്രാപിക്കുകയും ചെ യ്‌വാൻ സംഗതിയാക്കണമെ. ഹോശോ............

## KUKILON

Give male children unto the Lord-halleluiah
Glory and honor bring unto the Lord.

Thou do magnify Holy name—halleluiah
In His Holy Temple Worship Lord.

Upon waters, voice of God is-halleluiah
Lord of Glory thunders above.

Occean ever echoes his voice-halleluiah
Lord is heard in might and majesty.

കുക്കിലിയോൻ (ആൺപൈതങ്ങളേ)

ആൺ പൈതങ്ങളെ നാഥനു നൽകിൻ .... ഹാലേ....
സ്തുതിയൊടു മാനം നാഥനു നൽകിൻ.

ബഹുമാനിപ്പിൻ തിരുനാമത്തെ..... ഹാലേ....
വിമലാലയമതിലുടയോനെ വന്ദിപ്പിൻ.

നാഥൻ തൻനാദം നീരിന്മീതേ...... ഹാലേ.....
മേഘധ്വനിമഹി തൻ ദൈവമുയർത്തി.

വാരിധിമീതെ നാഥനുടെ..... ഹാലേ......
നാദമുയർന്നതി ഗംഭീരം. ബാറെക്മോർ. ശുബഹോ...

(For female)

Stands in glory Kings daughter-halleluiah
And the princes standeth at Thy right.

In gold of ophir adorned art thou-halleluiah
Incline Thine ear Oh! bride of King.

On thy beauty kind shall dote-halleluiah
Thy people and household leave.

For he is Thy-Lord,ever-halleluiah
Sur-Daughter adore Him
Barekmor – Subaho.............

(പെൺപൈതങ്ങൾ)

നിന്നു മഹിമയൊടടാ രാജകുമാരി..... ഹാലേ.....
വലതുവശത്തായ് രാജേശ്വരിയും.

ഓഫീർതങ്കത്തുകിലങ്കിയണിഞ്ഞോളെ! ..... ഹാലേ.....
കേൾക്കുക നോക്കുക ചെവിചായിക്ക.

ശുഭഗത നരപതി കാംക്ഷിപ്പാൻ ..... ഹാലേ.....
സ്വജനഗൃഹങ്ങളെ നീ വിടുക.

പ്രാണപ്രിയനെ പ്രണമിക്ക ..... ഹാലേ.....
സുരിൻമകളെ! പ്രണമിക്ക. ബാറെക്മോർ. ശുബഹോ....

Beside child of baptism says King David
Those who thirst, and get strengthened Come to the Lord
Groanning called on Him, poor and fallen Adam
Answered him, Lord in River Jordan
Lord made him all anew-
He was fallen in deso-lation [Menolam....]

Sign above doord – By blood Hebrews were saved-
Godly and life – giving, so with grace of rebirth,
Who seek refuge in this, For us faithful,
Seal of grace protect us all
By this Eternal Glory
We gaze on Holy Triune God [Moriyo rahem...]

സ്ലാനാത്ഥിക്കരികേ നിന്നോതുന്നാത്മാവിൽ ദാവീദേവം __
ദാഹിപ്പോരെ! നാഥാന്തികമാന്ന് ബലപ്പെടുവിൻ __
നിപതിച്ചൊരു നിദ്ധനനാദം നെടുവീപ്പോടവനെ വിളിച്ചാൻ__
നദിയോദാനിൽ കത്താവവനുത്തരമരുളി __
മുന്നം ജജ്ഞരനായോനെ നൂത-നനാക്കി. മെനഗാലം....

വാതിൽപ്പടിമേൽ പൂശിയ രക്തം ഇസ്രായേലിനെ രക്ഷിച്ചതുപോൽ
ദൈവികവും ജീവനെഴുന്നതുമാം വീണ്ടും സ്ലാനത്തിൻ കൃപയാൽ
ശരണംതേടും വിശ്വാസികളാം നമ്മൾക്കെല്ലാം
കൃപയുടെ റൂശ്മാ സംരക്ഷകനായ്ത്തീരട്ടെ
ഈ നിത്യപ്രഭമൂലം നാം ത്രിത്വത്തെ ദശി-ക്കു-ന്നു. മൊറിയോ...

*Celebrant:* O Lord of the heavenly powers, bless this Thy servant who is being instructed, and enlighten his/her mind that he/she may understand the vanity of this world and by forsaking all worldly wickedness he/she may offer Thee glory and honor, now and for ever.....

മേലുള്ള സൈന്യങ്ങളുടെ ദൈവമായ കത്താവെ! ദിവ്യോപദേശം സ്വീകരിക്കുന്ന ഈ ദാസനെ/ദാസിയെ അനുഗ്രഹിക്കുകയും ഈ ലോകവ്യത്ഥതയെ ഗ്രഹിക്കത്തക്കവണ്ണം ഇവന്റെ/ഇവളുടെ മനോനയനങ്ങളെ പ്രകാശിപ്പിക്കയും ചെയ്യണമേ. മരണകരമായ സകല പ്രവൃത്തികളും വെടിഞ്ഞുകൊണ്ട് യേശുവിനേയും തന്റെ പിതാവിനേയും പരിശുദ്ധാത്മാവിനേയും ഇവൻ/ഇവൾ സ്തുതിക്കയും ചെയ്യുമാറാകണമെ. ഹോശൊ........

[Yuhanon sovo]

The Lord is my shepherd. I shall not want. He makes me lie down in green pastures.

John was afeared; Jordan was trembling
Seraphim sing out; God who comes for bap-t-
Ism "Holy, Holy, Most Holy."

He leads me besides the still waters. He restores my soul. He leads me in right paths for His Name's sake.

The waters-baptized was Blessings he, for
New life for Adam – in spirit and in water
He who sactifi-es Seraphim Barekmor
Shubaho…… Menolam....
Children of Adam –killed by grievous sins-
Holy Trinity renews Baptism by
Divine power-Glory be to Him

*Deacon / Acolytes :* Staumen Kalos.

*Response:* Kurielaison.

(യൂഹാനോൻസോവോ)

കർത്താവെന്നെ മേയിക്കും. എനിക്കു ഞെരുക്കമുണ്ടാകയില്ല. കർത്താവു പുഷ്ടിയുള്ള മേച്ചിലി എന്നെ പാർപ്പിക്കും.

യൂ--ഹാ-നോൻ ഞെട്ടി; ... യോ-ർദാൻ ഭ്രമമാന്ന്
സ്രോ-പ്പേ--ന്മാർ പാടി: മാമ്മൂദീസായ്ക്കാഗതനാം
ദൈവം ശുദ്ധൻ ശുദ്ധൻ പരിശുദ്ധൻ

ശാന്തജലത്തിന്റെ അരികിലേയ്ക്കു കർത്താവെന്നെ നയിക്കും. എന്റെ ആത്മാവിനെ തിരിച്ച് നീതിയുടെ ഊടുവഴികളിൽ എന്നെ നടത്തും

നീ--ര--ത്തെ വാഴ്ത്തീ--ട്ടാ--ദാ--മൃക്കായ്
നീ--രാത്മസ്നാനാൽ; പുനരാം ജന്മം നൽകിടുവാൻ
സ്രോപ്പേന്മാർക്ക് വിശുദ്ധികൊടുപ്പോൻ സ്നാനത്തി-നെത്തി.

ബാറെക്മോർ. ശുബഹോ..... മെനഓലം...

പാ...പ..ത്താൽ ഹതരാം; ആ..ദാ..മിൻ സുതരെ
നീ..രാ..ത്മ സ്നാനാൽ; ദൈവികശക്ത്യാ പുതുതാക്കീടും
താതനുമേകസുതന്നും റൂഹായ്ക്കും -സ്തോത്രം.
സ്തൗമെൻകാലോസ്.....

*Celebrant:* Let us all pray and beseech of the Lord mercy and compassion.
നാം എല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോട് അനുഗ്രഹങ്ങളും കരുണയും യാചിക്കണം.

*Response:* **O Merciful Lord, have mercy upon us and help us.**
അനുഗ്രഹിക്കുന്നവനായ കർത്താവേ! ഞങ്ങളോടു കരുണ ചെയ്ത് ഞങ്ങളെ സഹായിക്കണമെ.

*Celebrant:* Make us worthy, O Lord, to offer up continually at all times and in all seasons praise and thanks giving, glory and honour and never ceasing exaltation. *Amen.*
സ്തുതിയും സ്തോത്രവും പ്രാഭവും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും എല്ലായ്പ്പോഴും സദാ നേരത്തും ഇടവിടാതെ കരേറ്റുവാൻ ഞങ്ങൾ യോഗ്യരായ്ത്തീരണമേ. ആമ്മീൻ

## PROMEON

*Celebrant:* Praise to Thee, O Lord, who art the true and ineffable Light, who by Thy divine wisdom instituted and sanctified the sacrament of baptism for His spiritual fold. To Thee be glory, honor and dominion with His Father and His Holy Spirit at this time and at all times and seasons and hours and all the days of our life, forever. *Amen.*
മഹനീയമായ തന്റെ ദിവ്യജ്ഞാനത്താൽ തന്റെ ആത്മീയ ആട്ടിൻകൂട്ടത്തിനായി മാമ്മൂദിസാ എന്ന കൂദാശ ഏപ്പെടുത്തി അതിനെ ശുദ്ധീകരിച്ച അവർണ്ണനീയ സത്യപ്രകാശമായ തനിക്കു ഈ നേരത്തിലും ........

## SEDRO

Thou hast saved us, O Christ our God, from the abyss of sins and has invited us to observed to Thy holy commandments. Thou hast led us to the floods of salvation and to the wellspring of new life. Thou hast introduced us to Thy spiritual fold and by the vivifying voice proclaimed and said; "wash yourselves and be pure, wash away the iniquities from your hearts". O Lord, now bless this servant who has approached Thee to receive the seal of life so that it may preserve him/her. Introduce him/her to Thy fold and number him/her among Thy sheep. The light of Thy face may be reflected on him/her; make him/her a son/daughter to Thy father and make this child worthy of the new birth. Remove the old man from this child and clothe this child with the inperishable robe. Give this child full growth and stature so that through a calm and quiet life this child may become worthy of a righteous end and of Christian consummation. And this child and we may send up glory and praise to Thee and to Thy Father and to Thy Holy spirit, now and alwys forever.

പാപചിന്തകളിൽ നിന്നു ഞങ്ങളെ പിൻതിരിപ്പിക്കയും തന്റെ വിശുദ്ധ കല്പനകളുടെ ആചരണത്തിനായി ഞങ്ങളെ ക്ഷണിക്കയും തന്റെ ആത്മീയമായ തൊഴുത്തിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കുകയും രക്ഷാജലപ്രവാഹങ്ങളിലേക്കും ജീവന്റെ ഉറവിങ്കലേക്കും ഞങ്ങളെ ആകർഷിച്ചുകൊണ്ട്, നിങ്ങൾ കുളിച്ചു വെടിപ്പുള്ളവരായിത്തീരുവീൻ, ഹൃദയങ്ങളിൽ നിന്നു ദുഷ്ടതകൾ കഴുകി കളയുവിൻ, എന്നു

ജീവകരമായ ശബ്ദത്തിൽ അരുളിചെയ്യുകയും ചെയ്ത ഞങ്ങളുടെ ദൈവമായ മ്ശിഹാ! ഈ ദാസനെ/ദാസിയെ തന്റെ കാവലിനുവേണ്ടി ജീവമുദ്ര പ്രാപിക്കുവാൻ അടുത്തു വന്നിരിക്കുന്ന ഇവനെ/ഇവളെ അനുഗ്രഹിക്കണമേയെന്നു യാചിക്കുന്നു. തന്റെ ആട്ടിൻകൂട്ടത്തിൽ ഇവ (നെ)(ളെ) ഉൾപ്പെടുത്തണമേയെന്നു അപേക്ഷിക്കുന്നു. തിരുമുഖശോഭ ഇവ (നി)(ളി)ൽ പ്രതിബിംബിപ്പിക്കണമെന്നർത്ഥിക്കുന്നു. ഇവ (നെ)(ളെ) തന്റെ ജനകനു പു(ത്രനാ)(ത്രിയാ) ക്കി തീർക്കണമെന്ന് വീണ്ടും യാചിക്കുന്നു. വീണ്ടും ജനനത്തിന് ഈ കുഞ്ഞിനെ യോഗ്യതയുള്ളതാക്കിതീർക്കുവാൻ വീണ്ടും അപേക്ഷിക്കുന്നു. പഴയ മനുഷ്യനെ ഈ കുഞ്ഞിൽനിന്ന് ഉരിഞ്ഞുകളയുവാൻ വീണ്ടും അഭ്യർത്ഥിക്കുന്നു. നാശരഹിതമായ വസ്ത്രം ഈ കുഞ്ഞിനെ ധരിപ്പിക്കണമേ. ആശ്വാസകരവും ശാന്തവുമായ ജീവിതത്താൽ നല്ല അവസാനത്തിനും ക്രിസ്തീയമായ അന്ത്യത്തിനും അർഹമാക്കിത്തീരത്തക്കവണ്ണം നല്ല സംരക്ഷണയിലും പൂർണ്ണവളർച്ചയിലും ഈ കുഞ്ഞിനെ എത്തിക്കണമെ. ഞങ്ങളും ഈ കുഞ്ഞും തനിക്കും തന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ. ഹോശോ.....

*Celebrant:* May we receive of God remission of debts and forgiveness of sins, in both worlds forever and ever.

(മെന്നാലോഹൊന് കാബേൽ...) ദൈവത്തിൽ നിന്നു കടങ്ങൾക്കു പരിഹാരവും പാപങ്ങൾക്കു മോചനവും, രണ്ടു ലോകങ്ങളിലും എന്നേക്കും നാം കൈക്കൊള്ളുമാറാകട്ടെ.

*Response:* ആമ്മീൻ *Amen*

**QOLO (Abed Mor)**

O, Lord by Thy cross + Protect
Children seeking baptism.
Son of Scariah, thus spake John-
Touching Holy Baptism

Do baptize in water
Does in Spirit he who come-
Son of – Zachariah, John
Stood by the – River Jordan
For baptism, Hither came –
Power un-known to the angels.

Stood – by the – River, He came,
John the Baptist, To witness
Called out Father from heaven
"This is My belo-ved Son"

**കോലോ (അബേദ്മോർ)**

കാ-ക്കുകനാ-ഥാ! സ്ലീബായാൽ +
ഉ-ണ്ണികളെ-സ്നാനാർത്ഥികളെ.

ഈ-സ്നാനത്തെ മുൻ-നിർത്തി
മുൻ-ചൊന്നാൻ-സ്ക്കറിയാ-തനയൻ
നൽകുന്നേൻ-നീരിൽ-സ്നാനം

വന്നീടു-ന്നോനാ-ത്മാ-വിൽ.
നി-ന്നാൻ വ-ന്നാറ്റിൻ-വക്കിൽ

യോ-ഹന്നാൻ-സ്ക്കറിയാ-തനയൻ
ആഗതനായ് മാമോ-ദീസാ
യ്ക്കീ-റേക്കും-മറവാ-ശക്തി.
സ്നാനത്തി-നെത്തീ-നാഥൻ
സാ-ക്ഷിപ്പാൻ-യോഹ-ന്നാനും
വ-ത്സലന-ന്ദനനാ-ണിവനെ-
നാർ-ത്താൻ വാ-നത്തിൽ-താതൻ.

**ZLUTO (D-Pirmo)**

*Celebrant:* O Lord, to the abundance of Thy great mercy, we offer Thee this incense on behalf of this Thy servant who has come to receive holy baptism. That by Thee, this child may be sealed to everlasting life and may become a member of Thy Household and may adhere to Thy holy commandments. And we will offer praise and thanksgiving to Thee and to Thy Father and Thy Holy Spirit, now and always and forever.

ധൂപപ്രാർത്ഥന

കർത്താവെ! പരിശുദ്ധ മാമ്മൂദിസായ്ക്കു ഒരുങ്ങി വന്നിരിക്കുന്ന ഈ പൈതലിനു വേണ്ടി ഈ സുഗന്ധധൂപം കർത്ത്യ കരുണാ ബാഹുല്യത്തിങ്കൽ ഞങ്ങൾ സമർപ്പിക്കുന്നു. ഈ പൈതൽ ജീവങ്കലേക്കു തന്നാൽ മുദ്ര കുത്തപ്പെടുകയും തന്റെ ഭവനാവകാശത്തിന് എത്തിച്ചേരുകയും തന്റെ വിശുദ്ധ കല്പനകളെ പിന്തുടരുകയും ചെയ്യുമാറാകണമെ. ഞങ്ങൾ കർത്താവിനും പിതാ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും...........

*Response:* ആമ്മീൻ *Amen*

**[SOOMORO] സുമ്മോറൊ**

O God, so my soul longs for you,
As a deer longs for flowing streams
നീർത്തോടിനു മാനുഴലും പോലെ
വാഞ്ഛിക്കുന്നെന്നാത്മം നിൻപേക്കെൻ നാഥാ.

*Deacon / Acolytes :* Lesson from the Epistle of Saint Paul to the Romans – Aahay – Barekmor.
പരിശുദ്ധ പൗലൂസ് സ്ലീഹാ റോമക്കെഴുതിയ ലേഖനത്തിൽ നിന്നും - ആഹായ് .... ബാറെക്മോർ.

*Response:* Blessed is the Lord of the Apostle. May the Lord's blessings be upon us forever.
ശ്ലീഹായുടെ ഉടയവനു സ്തുതിയും - നമ്മുടെമേൽ തന്റെ അനുഗ്രഹങ്ങളും - എന്നേക്കും ഉണ്ടായിരിക്കട്ടെ.

**[APOSTLE] Romans 5:20-6: 4,8**

*Deacon / Acolytes :* Brothern, the entrance of the law caused the multiplication of sin. Where sin is increased there the grace became even greater. Just as sin reigned in death so grace will reign by righteousness to everlasting life through our Lord Jesus Christ.

What, therefore, shall we say? Should we remain in sin so as to let grace increase? Ofcourse not. For we who are dead to sin how can we live in it again! Or are you not aware that we who are baptized in Jesus Christ are baptized in His death. We are in fact buried with Him in baptism to the death, so that Jesus Christ was raised from the dead by the Father's glory, we too might live a new life. If we are dead with Christ we shall also alive with Him. Ahay – Barakemor.

ന്യായപ്രമാണത്തിന്റെ പ്രവേശനം പാപം വദ്ധിക്കുവാൻ കാരണമായി എങ്കിലും പാപം വദ്ധിച്ചിടത്തു തന്നെ കൃപയും വദ്ധിച്ചു. ആയത് പാപം മരണത്താൽ വാണതു പോലെ തന്നെ നമ്മുടെ കത്താവേശുമ്ശിഹാ മൂലം നിത്യ ജീവങ്കലേക്കു നീതിയാൽ കൃപയും വാഴേണ്ടതിനു തന്നെ.
ആകയാൽ നാം എന്തു പറയേണ്ടു? കൃപ വദ്ധിക്കേണ്ടതിനായി പാപത്താൽ തന്നെ ഇരിക്കുകയെന്നോ? ഒരിക്കലും അരുത്. എന്തെന്നാൽ പാപസംബന്ധമായി മരിച്ചവരായ നാംഎങ്ങനെ അതിൽ വീണ്ടുംജീവിക്കും? അല്ലങ്കിൽ യേശുമ്ശിഹായിൽ സ്നാനം ഏറ്റവരായ നാം തന്റെ മരണത്താലാ

കുന്നു മാമ്മൂദിസാ ഏറ്റിരിക്കുന്നത് എന്നു നിങ്ങൾ അറിയുന്നില്ലയോ? യേശുമ്ശിഹാ തന്റെ പിതാവിന്റെ മഹത്വത്തോടെ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവനിൽ നടക്കേണ്ടതിനായി, മാമ്മൂദീസായാൽ മരണത്തിനു നാം തന്നോടുകൂടെ സാസ്ക്കരിക്കപ്പെട്ടു. തന്റെ മരണത്തിന്റെ സാദൃശ്യത്തിൽ നാം തന്നോടുകൂടെ സംസ്ക്കരിക്കപ്പെട്ടുവെങ്കിൽ തന്റെ പുനരുദ്ധാനത്തിലും നാം അതുപോലെ തന്നെ ആയിരിക്കും. നാം ഇനി പാപത്തിനു ശുശ്രൂഷ ചെയ്യാതിരിക്കത്തക്കവണ്ണം നമ്മുടെ പാപശരീരം നീങ്ങിപ്പോകേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ തന്നോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു. അങ്ങിനെ മരിച്ചവൻ പാപത്തിൽ നിന്നു സ്വതന്ത്രനാക്കപ്പെട്ടിരിക്കുന്നു. ആകയാൽ നാം മ്ശിഹായോടുകൂടെ മരിച്ചുവെങ്കിൽ മ്ശിഹായോടുകൂടെത്തന്നെ ജീവിക്കും എന്നു നാം വിശ്വസിക്കേണം.
ആഹായ് ബാറെക്മോർ...

[Pethgomo] പെത്ഗോമൊ

Halleluiah – halleluiah
Purge-me with Thy hyssop, and I shall be clean:
Wash me, and I shall be whiter than snow – Halleluiah

ഹാലേലുയ്യ - ഹാലേലുയ്യ പൂശുക നിൻ സോപ്പായാൽ ഞാൻ നിർമ്മലനാകാൻ-തൂമഞ്ഞിലുമണിയും ഞാൻ വെണ്മ - ഹാലേലുയ്യ

*Deacon / Acolytes :* Barekmore - With calmness and reverence and with sober minds, let us give heed, and listen to the Gospel of the living words of God, in the Holy Evangelion of our Lord Jesus Christ, that is read to us.

ബാറെക്മോർ... നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ, ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

*Celebrant:* Peace be unto you all. ശ്ലോമോല്കുല്കൂൻ
നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ

*Response:* And with your spirit also: may the Lord make us Worthy.
അവിടുത്തെ ആത്മാവിനോടുകൂടെ ദൈവമായ കർത്താവ് ഞങ്ങളേയും യോഗ്യരാക്കിത്തീർക്കുമാറാകട്ടെ.

*Celebrant:* The Holy Gospel of our Lord Jesus Christ, the Life-giving announcement from Luke, the evengelist who publishes the good news of life and salvation to the world.
ജീവൻ നൽകുന്ന സുവിശേഷമായ നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ, ലോകത്തിനു ജീവനും രക്ഷയും പ്രഘോഷിക്കുന്ന സുവിശേഷകനായ വിശുദ്ധ ലൂക്കോസ് ഏവൻഗേലിസ്ഥായിൽ നിന്ന്.

*Response:* Blessed is he Who has come, and is to come in the name of the Lord. Praise be to Him who sent Him for our salvation. May His grace and mercy be upon us all, for ever and ever.

വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു നമ്മുടെ രക്ഷയ്ക്കായ് തന്നെ അയച്ചവനു സ്തുതികളും - നാം എല്ലാവരുടെ മേൽ തന്റെ അനുഗ്രഹങ്ങളും എന്നേക്കും ഉണ്ടായിരിക്കട്ടെ.

*Celebrant:* Now in the time of the Incarnation of our Lord and our God and saviour Jesus Christ. The word of Life, God Incarnate of the Holy Virgin Mary, these things did come to pass in this manner.
വിശുദ്ധ കന്യകമറിയാമിൽ നിന്നു ശരീരയായിത്തീന്ന ദൈ

വവും, ജീവന്റെ വചനവും നമ്മുടെ രക്ഷകനുമായ കർത്താ വേശുമ്ശിഹായുടെ വ്യാപാരകാലത്ത് ഇവ ഇപ്രകാരം സംഭവിച്ചു.

*Response:* So we believe and so we confess.
അങ്ങിനെ ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു.

**GOSPEL : St. LUKE 3: 15-16** വി. ലൂക്കോസ് 3: 15-16

*Celebrant:* "A feeling of expectancy had grown among the People, who were begining to think that John might be the Christ; so John declared before them all: I baptize you with water, but the one who comes after me, he who is more powerful than I am, and I am not fit to undo the strap of His sandals, will baptize you with the Holy Spirit and fire.

(John 3:-6) വി. യോഹന്നാൻ 3: 5-6

Amen, Amen I tell you, unless a man is born again, he cannot enter the kingdom of God. What is born of the Spirit and what is born from the flesh is flesh. Peace be unto you all.

യോഹന്നാനെക്കുറിച്ച് പുരുഷാരം, പക്ഷേ ഇദ്ദേഹം തന്നെ യായിരിക്കുമോ മ്ശിഹാ എന്നു ചിന്തിക്കുകയും എല്ലാവരും ഹൃദയങ്ങളിൽ ആലോചിക്കുകയും ചെയ്തുകൊണ്ടിരിക്കു മ്പോൾ, യോഹന്നാൻ ഉത്തരമായി അവരോട്, കണ്ടാലും; ഞാൻ നിങ്ങളെ വെള്ളംകൊണ്ടു സ്നാനപ്പെടുത്തുന്നു. എ ന്നാൽ എന്നെക്കാൾ ബലവാൻ വരുന്നുണ്ട്. അദ്ദേഹത്തി ന്റെ ചെരുപ്പുകളുടെ വാറുകളഴിപ്പാൻ പോലും ഞാൻ യോ ഗ്യനല്ല. അദ്ദേഹം പരിശുദ്ധാത്മാവിനാലും അഗ്നിയാലും നിങ്ങളെ സ്നാനപ്പെടുത്തും.

"ഒരുവൻ വെള്ളത്താലും ആത്മാവാലും ജനിക്കുന്നില്ല എ ങ്കിൽ അവനു ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ സാദ്ധ്യമല്ല

എന്നു സത്യമായും സത്യമായും ഞാൻ നിന്നോടു പറയു
ന്നു. ജഡത്തിൽ നിന്നു ജാതമായതു ജഡമാകുന്നു. ആത്മാ
വിൽ നിന്നു ജാതമായതു ആത്മാവാകുന്നു.

നിങ്ങൾക്കെല്ലാവർക്കും സംപ്രീതിയുണ്ടായിരിക്കട്ടെ.

Maniso മാനിസൊ

O Lord! Clean-se me of my evil,
My sins shall never purge by hy-ssop
That sign, never remo-ves them by cov-enant water,
By Godly baptism water-Sprink-ling,
And Thy great mercy-can do!

പാടേയെൻ തിന്മകളെ കഴുകുക നാഥാ!
എൻ പാപം നിർമ്മലമാക്കാൻ സോപ്പായേതും മതിയാകാ-
നിഴലായ്പ്പോലും ശുദ്ധി വരുത്താൻ നിയമജലത്തിനെളുതല്ല
ദൈവിക മാമോദീസായിൻ സേചനമതിനും-
നിന്നുടെ നിരുപമകരുണകളും സാദ്ധ്യം.

*Deacon / Acolytes :* Kurielaison കുറിയേലായിസോൻ

*Celebrant:* (Inaudible) രഹസ്യപ്രാർത്ഥന **GHONTO**

Light giver Oh Thou, who enlightens the bodies of souls, who said that from darkness light shall shine forth; who gave purification by the water of salvation, and granted divine consecration through the holy oil; and unity with our Lord Jesus Christ by participation in His Holy Body and Blood. Oh Lord merciful! you have called this your servant, by divine invitation, from the darkness of deception to the way of path of life-giving teachings; we beseech You Lord, to inscribe this child name in the Book of life. Count this child among the congregation of your worshippers, any may the light of your countenance

be imprinted on this child. May the victorious cross + of Jesus Christ be sealed in this child's heart and mind that this child flee from the vanities of this wold and escape of all the wickedness the adversary by keeping your divine commandments.

പ്രകാശദാതാവും ആത്മശരീരങ്ങളെപ്രകാശിപ്പിക്കുന്നവനും അന്ധകാരത്തിൽ നിന്നു പ്രകാശം ഉദിക്കുവാൻ അരുളിച്ചെയ്യുകയും ഞങ്ങളുടെ ഹൃദയങ്ങളിൽ ഉദിക്കയും ചെയ്തവനും സൌഭാഗ്യതൈലാഭിഷേകം മൂലം ദൈവീകമായ വിശുദ്ധിയും തിരുശരീരരക്തങ്ങളിലുള്ള സംബംന്ധം മൂലം കർത്താവേശുമ്ശിഹായോടുള്ള ഐക്യതയും നലകിയവനുമായ കരുണയുള്ള കർത്താവേ! വിശുദ്ധമായ ആഹ്വാനത്തിൽ അന്ധകാരത്തിൽ നിന്നും മാർഗ്ഗഭ്രംശത്തിൽ നിന്നും തന്റെ യഥാർത്ഥ ജ്ഞാനത്തിലേക്കു താൻ ഇപ്പോൾ വിളിച്ചിരിക്കുന്ന ഈ പൈതലിന്റെ നാമം തന്റെജീവഗ്രന്ഥത്തിൽ എഴുതണമെ. കർത്താവിനെ ആരാധിക്കുന്നവരുടെ കൂട്ടത്തിൽ ഈ പൈതലിനെയും എണ്ണുകയും കർത്താവിന്റെ മുഖശോഭ ഈ പൈതലിൽ പ്രതിബിംബിപ്പിക്കുകയും ചെയ്യണമെ. മ്ശിഹായുടെ സ്ലീബാ ഈ പൈതലിന്റെ ഹൃദയത്തിലും മനസ്സിലും പതിക്കണമെ. ശത്രുവിന്റെ സകല ദുഷ്ടതയിൽ നിന്നും ഈ പൈതലിനെ രക്ഷിക്കണമെ. ഈ ലോകവ്യർത്ഥതയിൽ നിന്നും ഈ പൈതൽ ഓടി രക്ഷപെട്ട് തന്റെ വിശുദ്ധ കല്പനകളുടെ മാർഗ്ഗത്തിൽ ചരിക്കുകയും ചെയ്യുമാറാകണമെ.

**TLAYTO** (Audible) പ്രാർത്ഥന

O Lord! Thy divine breath, which Thine Only Begotten Son breathed up on his holy disciples shall grant him/her. (The Celebrant breathes on the face of the child thrice, in the form of a cross) **+ + +** From his/her mind, remove all remnants of idolatry. Him/her prepare to receive Thy Holy Spirit, so that he/she may be made worthy of the baptism of new birth. Him/her make worthy of the remission of sins through Thy Only Begotten Son, our Lord and saviour Jesus Christ; with Him and with Thy

Holy Spirit glory and honor and power are due to Thee; now and at all times for ever and ever.

തന്റെ ഏകപുത്രൻ വിശുദ്ധ ശിഷ്യന്മാരിൽ ഊതിയതായ ദൈവിക ശ്വാസം ഇവ (ന) (ൾ) ക്കു നൽകണമെ. **(മാമൂദീസാ മുങ്ങുന്ന പൈതിലിന്റെ മുഖത്തു സ്ലീബാ ആകൃതിയിൽ കർമ്മി മൂന്നുപ്രാവശ്യം ഊതുന്നു)** വിശുദ്ധാത്മസ്വീകരണത്തിനു ഇവ (നെ) (ളെ) ഒരുക്കിക്കൊണ്ടു വിഗ്രഹാരാധനയുടെ സകല അവശിഷ്ടത്തേയും ഇവ (ന്റെ) (ളു) ടെ മനസ്സിൽ നിന്നു ദുരീകരിക്കണമെ. വീണ്ടുംജനന സ്നാനത്തിന് ഇവ (നെ) (ളെ) യോഗ്യ (നാ) (യാ) ക്കണമെ. ഞങ്ങളുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുമ്ശിഹാ എന്ന തന്റെ ഏകപുത്രൻ മുഖാന്തിരം പാപമോചനത്തിനു ഇവ (നെ) (ളെ) അർഹ (നാ) (യാ) ക്കണമെ. പിതാ പുത്ര പരിശുദ്ധ റൂഹായ്ക്കു സ്തുതിയും സ്തോത്രവും ബഹുമാനവും ആധിപത്യവും ഇപ്പോഴും എല്ലാസമയത്തും എന്നേക്കും യോഗ്യമാകുന്നു. ഹോശോ

And the Celebrant turns to the baptizant and signs on his/her forehead three times without oil saying:

**കർമ്മി മാമോദീസാ മുങ്ങുന്നയാളിന്റെ നേരെ തിരിഞ്ഞ് നെറ്റിയിൽ മൂന്നു പ്രാവശ്യം തൈലം കൂടാതെ മുദ്ര കുത്തുന്നു.**

In the name of the Father and of the Son and of the living Holy spirit, [Name] is sealed to the everlasting life: Barekmor: Bashmodaabo.... **+ + +** *Amen*

പിതാവിന്റേയും പുത്രന്റേയും ജീവനുള്ള പരിശുദ്ധ റൂഹായുടേയും നാമത്തിൽ (പേര്) നിത്യജീവനായി മുദ്ര കുത്തപ്പെടുന്നു.

*Deacon / Acolytes :* Kurielaison കുറിയേലായിസോൻ

*Celebrant:* **GHONTO** Inaudible) രഹസ്യപ്രാത്ഥന

Lord God Almighty, through Thy only begotten Son, our Lord Jesus Christ, I pray upon Thee, in order to expel all evil spirits and to banish all their opposing and secret works, so that this soul, which approaches Thee, may receive the coming down of Thy Holy Spirit, with purity and holiness, Shine forth, O Lord, and give power to the words of faith, which we pronounce in Thy Name so that we may speak not with vin lips but with Thy grace and Thy power, which liberate the world from the evil one.

സവ്വാധിപതിയായ ദൈവമായ കത്താവേ! സകല ദുരാത്മാക്കളുടെയും ബഹിഷ്ക്കരണത്തിനും പ്രതികൂലമായ സകല അദൃശ്യ വ്യാപാരങ്ങളുടേയും നിഷ്ക്കാസനത്തിനും വേണ്ടി, ഞങ്ങളുടെ കത്താവും ദൈവവുമായ തന്റെ ഏകപുത്രൻ യേശുമ്ശിഹാ മുഖാന്തിരം തന്നെ ഞാൻ വിളിക്കുന്നു. തന്നെ സമീപിക്കുന്ന ഈ ആത്മാവിനെ തന്റെ വിശുദ്ധാത്മാവിന്റെ ആവാസം മൂലം വെടിപ്പോടും വിശുദ്ധിയോടും കൂടെ സ്വീകരിക്കണമെ. കത്താവേ! താൻ വെളിപ്പെട്ട് വ്യത്ഥമായ അധികാരങ്ങളാലല്ല-തന്റെ കൃപയാലും ദുഷ്ടനിൽ നിന്നും ലോകത്തെ ഉദ്ധരിക്കുന്ന ശക്തിയാലും-സംസാരിക്കത്തക്കവണ്ണം തിരുനാമത്തിൽ ഞങ്ങൾ ഉച്ചരിക്കുന്ന വിശ്വാസ വചനത്തിനു ശക്തിനൽകണമെ.

## EXORCISM

Now the Celebrant turns to the West towards the "baptizant" and the child turned to the East, and he pronounces over them this PRAYER OF ADJURATIO-N, and he makes nine signs of the Cross over them saying:

(കമ്മി പടിഞ്ഞാറോട്ടു സ്നാനാത്ഥികളുടേ നേരേയും അവർ കിഴക്കോട്ടും തിരിഞ്ഞു നിൽക്കുന്നു. കമ്മി ശപഥം ചെയ്യിക്കുന്ന ഈ പ്രാത്ഥന ചൊല്ലിക്കൊണ്ട്

അവരുടെ മേൽ ഒസ്ലീതു റൂശ്മാ ചെയ്യുന്നു:

O Lord our God, creator of all things visible and invisible, we call upon Thee, while we lay our hand upon Thy creature (The Celebrant put the hand on the head of the baptizant) who we seal in Thy Name which is most holy and exalted, so that all demons, devils and unclean spirits may be driven away from Thy creature and image, who is Thy creation and handiwork. O Lord, hear us, rebuke them and cleans this Thy servant from the snares of the adversary. You, + hear, O perverse unclean and rebellious one who vexes this creature of God, I adjure you, the enemy of all righteousness who violates the holy and divine law, by the glory of the great king. Depart hence with dread and be subject to the Almighty Lord Who by His command has fixed the earth over the water and placed the sand as the boundary of the sea. By Him, I adjure you, + who sent the legion of demons in to the abyss through the swine, who made the hard-hearted Pharoah with his chariots and soldiers to be drowned. By Him I adjure you + Who with divine power and authority ordered the deaf and dumb spirit saying: "Get out from this child and dare not enter into this child again." Stand in fear of the dreadful Name of God + of Whom all the created angels and archangels are afraid, in Whose presence all the heavenly powers and ministers stand in fear, Whom the Cherubim and Seraphim dare not behold in Whose presence the sky trembles and the abyss shivers. Stand in awe of the dreadful Name of God Who sent the first rebelious one to hell bound with the chains of darkness. Stand in fear + of the judgment to come; tremble and depart, Do not approach + or afflict

the creature of God. Dwell not in God's creation, for it is not the dwelling place of demons, but the temple of the Living God. He has said: "I shall dwell in them, and walk with them and I shall be their God and they shall be my people." As to you, He has to made you, O evil spirit, detestable and void of virtues, fuel for the unquenchable fire. By God, I adjure you + who is wholy and victorious, the Father, the Son, and the Holy Spirit. Depart from the servants of God and go to the pathels deserted lands where there is no water, where your dwelling place should be. Make haste, and do not resist. God the Father, the Son and the Holy Spirit shall eradicate you completely by driving you out from the whole creation and torment you in the unquenchable fire. Where as, He power and authority belong to Him, and to Him we lift up glory and honor now and at all times, forever and ever. Hoso....

ദൃശ്യവും അദൃശ്യവുമായ സകലത്തിന്റേയും സ്രഷ്ടാവായ ദൈവമായ കർത്താവേ! ഈ തന്റെ സൃഷ്ടിയുടെ മേൽ കൈ വയ്ക്കുകയും (കമ്മീ കൈ വയ്ക്കുന്നു) തന്റെ സൃഷ്ടിയും സ്വരൂപവും കൈപ്പണിയുമായ ഈ പൈതലിൽ നിന്നു സകല പിശാചുകളും ദുഷ്ടരും അശുദ്ധരുമായ എല്ലാ ആത്മാക്കളും ഒഴിഞ്ഞുമാറിപ്പോകുവാൻ വേണ്ടി സകലത്തിലും വിശുദ്ധമായ തന്റെ നാമത്തിൽ അവയെ മുദ്രയിടുകയും ചെയ്തുകൊണ്ട് ഞങ്ങൾ കർത്താവിനെ വിളിക്കുന്നു. കർത്താവേ! ഞങ്ങളെ ചെവികൊണ്ട് അവയെ നിരോധിക്കുകയും എതിരാളികളുടെ സകലവിധമായ വ്യാപാരങ്ങളിൽ നിന്നും ഈ പൈതലിനെ രക്ഷിക്കയും ചെയ്യണമെ. ഈ ദൈവസൃഷ്ടിയെ അലട്ടുന്ന വഷളനും അശുദ്ധനും അഹങ്കാരിയുമായവനെ നീ കേട്ടുകൊൾക.

+സകല നീതിക്കും ശത്രുവും നിയമലംഘകനുമായ വലിയവനായ രാജാവിന്റെ മഹിമയെകൊണ്ട് ഞാൻ ശപഥം + ചെയ്യിക്കുന്നു. ഭയന്നു മാറികൊൾക? സ്വകല്പനയാൽ ഭൂമിയെ വെള്ളത്തിന്മേൽ സ്ഥാ

പിച്ചുറപ്പിക്കുകയും സമുദ്രത്തിന്റെ മണൽ അതിർത്തിയായി നിശ്ച യിക്കയും ചെയ്ത ഭയങ്കരനായ കർത്താവിന്ന കീഴ്പ്പെടുകയും ചെയ്ക. ആരാൽ സകലതും സൃഷ്ടിക്കപ്പെട്ട് പരിപാലക്കപ്പെടുന്നുവോ, ആ രാൽ സ്വർഗ്ഗത്തിലുള്ളവർ നിലനിൽക്കയും ഭൂമിയിലുള്ളവർ ശക്തി പ്രാപിക്കയും ചെയ്യുന്നുവോ, ആ സ്വർഗ്ഗത്തിലും ഭൂമിയിലും സർവ്വാ ധികാരമുള്ള കർത്താവിനെകൊണ്ടു ഞാൻ ശപഥം ചെയ്യിക്കുന്നു. + പിശാചുകളുടെ ലെഗിയോനേ പന്നികളിൽകൂടി അഗാധത്തിലേ യ്ക്കയക്കുയും കഠിനഹൃദയനായ ഫറവോനേ അവന്റെ രഥങ്ങളോ ടും കുതിരപ്പടയോടും കൂടെ മുക്കികളയുകയും ചെയ്ത കർത്താവി നെക്കൊണ്ട് ഞാൻ ശപഥം + ചെയ്യിക്കുന്നു. ചെകിടനും ഊമനുമാ യ ആത്മാവിനോടു് ഈ മനുഷ്യനിൻ നിന്നു പോവുക, ഇനി ഇവ(നി)(ളി) ൽ പ്രവേശിക്കരുത്, എന്നു ദൈവശക്തിയോടും അ ധികാരത്തോടും പറഞ്ഞവനാൽ ഞാൻ ശപഥം + ചെയ്യിക്കുന്നു. മാലാഖമാർ പ്രധാനമാലാഖമാർ ആദിയായ സർവ്വസൃഷ്ടികളും ത ന്നെ ഭയപ്പെട്ടു വിറയ്ക്കുകയും തന്റെ മുമ്പിൽ സകല ശക്തികളും ശുശ്രൂഷകന്മാരും ഭയന്നു നിൽക്കുകയും തന്റെ നേരേ നോക്കുവാ ൻ പോലും ക്രൂബേന്മാരും സ്രോപ്പേന്മാരും ധൈര്യപപ്പടാതിരിക്ക യും തന്റെ മുമ്പിൽ ആകാശം ഇളകുകയും ആഴങ്ങൾ വിറയ്ക്കുകയും ചെയ്യുന്നവനേ ഭയപ്പെട്ടുകൊൾക. ഒന്നാമത്തെ മത്സരക്കാരനെ അ ന്ധകാരശ്രംഘലകളാൽ ബന്ധിച്ച് അഗാധസ്ഥലത്തേക്കയച്ചവനാ യ ദൈവത്തിന്റെ ഭയങ്കര നാമത്തെ ഭയപ്പെട്ടുകൊൾക. + വരുവാ നിരിക്കുന്ന ന്യായവിധിയെ ഭയന്ന് വേഗത്തിൽ മാറികൊൾക. + ദൈവസൃഷ്ടിയെഉപദ്രവിക്കരുത്. ദൈവസൃഷ്ടിയിൽ അധിവസിക്ക യുമരുത്. അതു പിശാചുക്കളുടെ വാസസ്ഥാനമല്ല; ജീവനുള്ള ദൈവത്തിന്റെ ആലയമാണ്. ഞാൻ അവരിൽ വസിക്കുയും അവ രിൽ സഞ്ചരിക്കുകയും അവക്ക് ദൈവമായിരിക്കുകയും അവർ എ നിക്കു വിശുദ്ധ ജനമായിരിക്കുകയും ചെയ്യുമെന്ന് അവിടുന്ന് അരു ളിചെയ്തിട്ടുണ്ട്. നീചനും നിന്ദ്യനുമായ അശുദ്ധാത്മാവേ! നിന്നെ അഗ്നിക്കിരയായി നിശ്ചയിച്ചിരിക്കുന്നു. വിശുദ്ധനും വിജയിയും നി ർമ്മലനുമായ പിതൃപുത്രപരിശുദ്ധാത്മായ ദൈവത്തെക്കൊണ്ടു ഞാ ൻ നിന്നെ ശപഥം ചെയ്യിക്കുന്നു. ദൈവഭൃത്യരിൽ നിന്ന് അകന്നു കൊൾക. സഞ്ചാരയോഗ്യമല്ലാത്തതും വെള്ളമില്ലാത്തതുമായ പ്ര

ദേശത്തേക്ക് മാറികൊൾക. നിന്റെ സ്ഥാനമതാണ്. ധൃതിപ്പെടുക; മത്സരിക്കരുത്; നീ സമൂലം മാഞ്ഞു നശിച്ചുപോകട്ടെ. ശപിക്കപ്പെട്ടവനും അശുദ്ധാത്മാവും വഞ്ചകനും അഗ്നിക്കിരയുമായവനേ! ദൈവസൃഷ്ടിയിൽ നിന്ന് അതിവേഗത്തിൽ മാറികൊൾക; മത്സരിക്കരുത്. പിതൃപുത്രപരിശുദ്ധാത്മാവാം ദൈവം തന്റെ സകല സൃഷ്ടികളിൽ നിന്നും നിന്നെ ബഹിഷ്ക്കരിച്ചും കെടാത്തതീയിൽ നിന്നെ ദഹിപ്പിച്ചും നിന്നെ സമൂലം നശിപ്പിക്കും. തന്റെ ഈ കൈപ്പണിയെയാകട്ടെ രക്ഷാദിവസം വെരെ കാത്തുകൊള്ളുകയും ചെയ്യും. ശക്തിയും ആധിപത്യവും അധികാരവും ദൈവത്തിനുള്ളതാകുന്നു. ദൈവത്തിനു ഞങ്ങൾ സ്തുതിയും സ്തോത്രവും എന്നുമെന്നേക്കും കരേറ്റുകയും ചെയ്യുന്നു. ഹോശോ.....

## AN ALTERNATE PRAYER OF ADJURATION

O Lord God, In Thy holy name, I seal and I expel all evil and wicked spirits from this Your creation, who is Thy handwork **+ + +.** Rebuke the deceitful and proud one and purify Thy servant from the deceitful spirits. **+ + +** The coming judgement, fear O unclean spirit. Do not assail the creature of God, because it is not the dwelling place of devils but is the temple of God **+ + +** In the Name of the Father, the Son and the Holy Spirit I adjure you. O unclean spirit, be uprooted and expelled, make haste and do not resist.

(ഈ സമയത്തേക്കുള്ള മറ്റൊരു പ്രാർത്ഥന. സന്ദർഭാനുസരണം ഇതിൽ ഏതെങ്കിലും ഉപയോഗിക്കുക)

ദൈവമായ കർത്താവേ! തന്റെ കൈപ്പണിയായ ഈ തന്റെ സൃഷ്ടിയിൽ നിന്ന് തിരുനാമത്തിൽ മുദ്രയിട്ടുകൊണ്ട് സകല അശുദ്ധ ദുഷ്ടാത്മക്കളേയും ഞാൻ ബഹിഷ്ക്കരിക്കുന്നു.വക്രബുദ്ധിയും അഹങ്കാരിയുമായവനെ ദൈവം ശാസിച്ച് **+ + +** തന്റെ ഈ പൈതലിനെ വഞ്ചകാത്മാക്കളിൽ നിന്ന് സ്വതന്ത്രമാക്കണമെ അല്ലയോ അശുദ്ധാത്മാവേ! വരുവാനിരിക്കുന്ന ന്യായവിവധിയെ

നീ ഭയപ്പെട്ടുകൊൾക. + + + ദൈവസൃഷ്ടിയെ നീ സമീപിക്കരുത് എന്തെന്നാൽ അതു പിശാചുക്കളുടെ അധിവാസസ്ഥലമല്ല; ദൈവത്തിന്റെആലയമാകുന്നു. പിതൃപുത്രപരിശുദ്ധാത്മാവാം ദൈവത്തെക്കൊണ്ട് ഞാൻ വാഗ്ദത്തം ചെയ്യിക്കുന്നു. + + +അശുദ്ധാത്മാവേ! നീ സമൂലം-വേഗത്തിൽ-നിശ്ശേഷം - നീങ്ങിപ്പോവുക; മത്സരിക്കരുത്.

(The child is made to turn to the West and the Celebrant turns towards the East. The God(father/mother) renounces satan three times while he/she holds the left hand of the baptizand with his/her left hand and repeats this vow <u>three</u> times):

I, [name] who am being baptized, renounce you satan, your armies, your messaengers, all the fear of you, and all of your deceitfulness.

**(കമ്മി കിഴക്കോട്ടും സ്നാനാർത്ഥി പടിഞ്ഞാറോട്ടും തിരിഞ്ഞ് നിന്നുകൊണ്ട് സാത്താനെ <u>മൂന്നു</u> പ്രാവശ്യം തള്ളിപ്പറയിക്കുന്നു. തലതൊടുന്നയാൾ ഇടത്തുകൈകൊണ്ടു സ്നാനാർത്ഥിയുടെ ഇടതുകയ്യിൽ പിടിച്ചുകൊണ്ട് പൈതലിനുവേണ്ടി ഉപേക്ഷണവാചകം ചൊല്ലുന്നു.)**

**മാമൂദിസാ മുങ്ങുന്ന (പേര്) ഞാൻ**

**സാത്താനേ! നിന്നേയും നിന്റെ സകല സൈന്യങ്ങളേയും ദൂതന്മാരേയും നിന്നേയുള്ള സകല ഭയത്തേയും നിന്റെ സകല വഞ്ചനയേയും ഉപേക്ഷിക്കുന്നു.**

**[The face of the baptizant is turned to the East and the Celebrant turns to the West, while the God(father/mother) holds the right hand of the baptizant with his/her right hand, and says the profession of faith three times:)**

I, [name] who am being baptized,assent and believe in Thee, Lord Jesus Christ and in all the doctrines which have been divinely entrusted by Thee through the Prophets, the Apostles and the holy Fathers.

**(കമ്മി പടിഞ്ഞാറോട്ടും സ്നാനാർത്ഥി കിഴക്കോട്ടും തിരിഞ്ഞ് നിൽക്കുന്നു. തലതൊടുന്നയാൾ വലതുകരം കൊണ്ട് സ്നാനാർത്ഥിയുടെ വലതു**

**കരത്തിൽ പിടിച്ചുകൊണ്ട് ഈ വിശ്വാസ വാചകം മൂന്നു പ്രാവശ്യം ചൊല്ലുന്നു :)**

**മാമൂദിസാ മുങ്ങുന്ന (പേര്) ഞാൻ മ്ശിഹാതമ്പുരാനിലും പരിശുദ്ധന്മാരായ ദീഘ്ദർശിമാരും ശ്ലീഹന്മാരും പിതാക്കന്മാരും മുഖാന്തിരം ദൈവികമായി തന്നാൽ ഭരമേല്പിക്കപ്പെട്ടിട്ടുള്ള സകല ഉപദേശങ്ങളിലും ചേൎന്ന് വിശ്വസിക്കുന്നു.**

**[The God(father/mother) repeats the following three times after the Celebrant):**

I hereby promise that I have renounced satan and I have confessed in Lord Jesus Christ by my mouth and heart

**(കമ്മി ചൊല്ലികൊടുക്കുന്ന താഴെ പറയുന്നത് തലതൊടുന്നയാൾ മൂന്നു പ്രാവശ്യം ഏറ്റു ചൊല്ലുന്നു) :**

**ഞാൻ സത്യപ്രതിജ്ഞ ചെയ്തു ഏറ്റുപറയുന്നത് ഞാൻ സത്യ ദൈവമായ മ്ശിഹായിൽ വിശ്വസിക്കുന്നു എന്നു വായ്കൊണ്ടു പറയുകയും ഹൃദയത്തിൽ വിശ്വസിക്കയും ചെ ചെയ്യുന്നതു കൂടാതെ സാത്താനേ ഉപേക്ഷിക്കയും ചെയ്യുന്നു.**

**The Celebrant begins the Nicene Creed:**

*Celebrant:* Christians what do we believe.

*Response:* We believe in one true God. The Father Almighty, Maker of heaven and earth, and of all things visible and invisible,

And in one Lord, Jesus Christ, the only-begotten Son of God, who was begotten and not made; being of one substance with His Father; by Whom all things were made; Who for us men and for our salvation came down from heaven (+) and was incarnate by the Holy Spirit (+) and of the Virgin Mary, the mother of God, became man, and was crucified for us (+) under Pontius Pilate, and He suffered and died and was buried, and the third day He rose according to His will, and ascended into heaven, and sits at the right hand of His Father; and He will come

again with great Glory to judge both the living and the dead; and His kingdom shall have no end.

And we believe in the Holy Spirit, the Lord, the giver of life to all, Who proceeds from the the Father; Who together with the Father, and the Son is worshipped and glorified, Who spoke through the prophets and the Apostles.

And is one Holy catholic and Apostolic Church; We confess one baptism for the remission of sins. And we look for the resurrection of the dead, and the new life in the world to come. *Amen*

കമ്മ്മി വിശ്വാസപ്രമാണം തുടങ്ങുന്നു:

കമ്മ്മി :- ക്രിസ്ത്യാനികളായ നാം എന്തു വിശ്വസിക്കുന്നു.

പ്രതിവാക്യം:- സര്വ്വ ശക്തിയുള്ള പിതാവും സ്വര്ഗ്ഗത്തിന്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സര്വ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിര്മ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വര്ഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീര്ന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടികുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരുമനസ്സായ പ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വര്ഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും

ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസി ക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരുംമുഖാന്തിരംസംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാക്കുന്നു. ആമ്മീൻ

## (Inaudible) **GHONTO**

Thou sent O Lord, Thy Holy Spirit and created this Thy servant from nothingness and brought into existence. This child has been made worthy of the Holy Baptism through Thy love of mankind. Establish this child on the foundation of the holy Apostles, and plat this child as a true spaling in Thy Holy Church. Send Thy Holy Spirit upon this child so that this child may be worthy of the sacramental anointing. Fill this child with Thy divine gifts. Make Thy light dawn in the heart of this Thy worshipper, so that this child may be free from the salvery of sin.

കമ്മി രഹസ്യപ്രാർത്ഥന

തന്റെ വിശുദ്ധാത്മാവിനെ അയച്ച് ഈ പൈതലിനെ ശൂന്യതയിൽ നിന്ന് സൃഷ്ടിക്കയും മനുഷ്യസ്നേഹത്തോടെ വിശുദ്ധ മാമോദീസായ്ക്കു് അഹ് (നാ) (യാ)ക്കിത്തീർക്കുകയും ചെയ്ത കർത്താവേ! വിശുദ്ധ ശ്ലീഹന്മാരുടെ അടിസ്ഥാനത്തിന്മേൽ ഈ പൈതലി

നെ ഉറപ്പിക്കണമെ. വിശുദ്ധ സഭയിൽ ഒരു സത്യ നടുതലയായി ഈ പൈതലിനെ സ്ഥാപിക്കേണമെ. കൂദാശാപരമായ അഭിഷേക ത്തിനു അഹ്മാകത്തക്കവണ്ണം തന്റെ വിശുദ്ധാത്മാവിനെ ഈ പൈതലിൽ അയക്കണമെ. തന്റെ ദൈവികദാനങ്ങളാൽ ഈ പൈതലിനെ നിറയ്ക്കണമെ. പാപത്തിന്റെ അടിമത്വത്തിൽ നിന്ന് സ്വതന്ത്രമാകുവാൻ വേണ്ടി ഈ തന്റെ പൈതലിന്റെ ഹൃദയത്തി ൽ തന്റെ പ്രകാശം ഉദിപ്പിക്കണമെ.

Now the Celebrant puts his thumb into the oil of anointing and signs the baptizant on the forehed, saying:

For everlasting life, [Name] is sealed with the oil of gladness that he/she may be worthy of adoption as son/daughter by being born again, in the Name of the Father and the Son and the Living Holy Spirit;

Barekmore; Bashmo + + + Amen.

(സ്ലാനാർത്ഥിയെ വിവസ്ത്രയാക്കിയശേഷം, കർമ്മി പെരുവിരൽ അഭിഷേകതൈലത്തിൽ മുക്കി സ്ലാനാർത്ഥിയുടെ നെറ്റിയിൽ മുദ്രയിടുന്നു)

**വീണ്ടും ജനനത്താൽ പുത്രസ്വീകാരത്തിനർഹ (നാ) (യാ)യിത്തീരുവാൻ വേണ്ടി സന്തോഷതൈലത്താൽ (പേര്) + പിതാവിന്റേയും + പുത്രന്റേയും + ജീവനുള്ളവനും പരിശുദ്ധനുമായ റൂഹായുടേയും നാമത്തിൽ നിത്യജീവനായി മുദ്രകുത്തപ്പെടുന്നു. ബാറെക്മോർ. ബസ്മോ.....**

The Celebrant stands before the baptistery. He takes warm water in his right hand and cold water in his left hand and he places the right hand over the left in the form of a Cross and says this prayer while mixing this water: (Prays aloud)

O Lord, Through the supplication of our feebleness, we pray that this water may be mixed with the power and operation of Thy Holy Spirit, so that this may be a spiritual womb and a crucible which brings forth incorruptibility. May this water be to Thy servant who is being baptized, the garment of incorruptibility and dispensation from the bonds of sins. By Thy good will and by the love of mankind of Thy Only Begotten Son, and by the operation of Thy Holy Spirit, now and forever. Hoso....

കമ്മി വലതുകൈ ഇടതുകൈയുടെ മുകളിലായി കൈകൾ കുരിശുപോലെ പിടിച്ചിട്ട് വലതുകൈയിൽ ചൂടുവെള്ളവും ഇടതുകൈയിൽ പച്ചവെള്ളവും എടുത്തു രണ്ടും തമ്മിൽ കലത്തികൊണ്ട് ഈ പ്രാത്ഥന ചൊല്ലുന്നു.

ദൈവമായ കത്താവേ! ഞങ്ങളുടെ ബലഹീനമായ മദ്ധ്യസ്ഥതയാൽ ഈ വെള്ളം ആത്മീയ ഉദരവും നാശമില്ലായ്മയെ വാക്കുന്ന മൂശയും ആയിത്തീരത്തക്കവണ്ണം തന്റെ വിശുദ്ധാത്മശക്തിയും വ്യാപാരവും ഇതിൽ കലത്തണമെ. ഇതിൽ മാമൂദീസാ മുങ്ങുന്ന തന്റെ ഈ പൈതലിന്റ തന്റെ തിരുവിഷ്ടത്താലും തന്റെ ഏകപുത്രന്റെ മനുഷ്യസ്നേഹത്താലും തന്റെ പരിശുദ്ധാത്മാവിന്റെ വ്യാപാരത്താലും ഇതു നാശരഹിതമായ ആത്മീയവസ്ത്രവും പാപബന്ധ

ങ്ങളിൽ നിന്നുള്ള മോചനവുമായി ത്തീരുവാൻ കൃപയരുളുകയും ചെ യ്യണമേയെന്നു യാചിക്കുന്നു.

ഹോശോ......

**HYMN (kookoyo)**

1. *Listen by all world people – Halleluiah
John was poured water-for ba-ptism
Immer-sed Christ in the river, sanctify-ing it
From the water-as he came ashore
Earth and heaven honored-Him
So did-submit all its beams, adore-d the stars
River waters and spring-s all Lord who-santified
Halleluiah-o- Halleluiah

2. O, come, listen and I shall say - Halleluiah
Holy-divine baptism and the Holy –Church
Si-sters noble, who has ever seen a-s these
One begets new-spiritual children
While the other nurtures those young ones
Begets bapt-ism, Child sp—iritual from water,
Receiving it, Holy Church, offers it a-non
Halleluiah, before Almighty.

3. While baptism font opens by Priest of God
Astoun-ded Heavenly Hosts behold this mo-rtal
Frightening fire-standing above,
And calls out to-Most Holy Spirit
Anon-answeres Holy Ghost and desire ful-fils

Graciou-sly sanctifies for remission o-f sins
Halleluiah – Holy Baptism

4. Fountain-of life, Bapti-smal font was open,
Father-Son and Holy Ghost made it all ho-ly
"This My loving Son"-Shouted Father
Bowing His head-Son immersed in it
Holy – Spirit descended upon Him li-ke dove
Blesse-d Trinity source of all life in thi-s world
Halleluiah-sole refuge for us. Moriorahe....

(With a cross of white cloth the baptizamal vessal covering)

കുക്കോയോ

**കേൾപ്പിൻ-ഭൂതലജാതികളേ-ഹാലേലുയ്യ**
ചേത്തു സലിലം യോഹന്നാൻ സ്നാനത്തിനായ്
മുങ്ങി-ശുദ്ധീകരണം ചെയ്യതിനുള്ളിൽ മ്-ശീഹാ

നീരിൽ നിന്നും-തീരത്തേറുമ്പോൾ
അവനേ മാനി-ച്ചവനിയും മംബരവും
കതിരോ-ൻ കതിരുകൾ ചായ്ച്ചു താര-കൾ കൂപ്പി
ആറ്റിൽ-നിരയോടുറ്റകളെ വാഴ്ത്തിയ ദൈവ-ത്തെ
ഹാലേലുയ്യ-ഉ-ഹാലേലുയ്യ

വരുവിൻ-കേൾപ്പിൻ ഞാൻ ചൊല്ലാം- ഹാലേലുയ്യ
പരിപാ-വനമാമോദീസാ തിരുസഭയെന്നേ-വം
അഴകേ-റീടും സോദരിമാർ മറ്റെങ്ങമരു-ന്നു
പവ്യാത്മീയ-പൈതങ്ങളെയൊരുവൾ
പെറ്റീടുന്നു-മറ്റവൾ പോറ്റുന്നു.
മാമോ-ദീസായാത്മീയൻ ശിശുവിനെ നീരീന്നും
പ്രസവി-ച്ചീടും, സഭയതിനെ കൈക്കൊണ്ടപ്പി-ക്കും
ഹാലേലുയ്യ-കത്താവിൻ പക്കൽ.

ബാറെക്മോർ-ശുബഹോ.....

ആചാ-ര്യൻ (ശ്രേഷ്ഠാ) മാമോദീസാത്തൊട്ടി + തുറക്കു-മ്പോൾ
കൂറു-ന്നീറെ ദൂതന്മാരാശ്ചര്യം വാ-നിൽ
മൺമയനെരിതീ-ജ്വാലോപരിനിന്നി
ട്ടാ റൂഹായേ-ചെയ്യുന്നാഹ്വാനം

റൂഹാ-സത്വരമുത്തരവായിഷ്ടം നിറവേ-റ്റി
പാപ-ത്തിൻ പരിഹാരാർത്ഥം പാവനമാക്കു-ന്നു.
ഹാലേലുയ്യ-മാമോദീസായെ മെനഗാലം....

ഉയിരിൻ-നീരുറവാം സ്നാനത്തൊട്ടി തുറന്ന-പ്പോൾ
ജനകാ-ത്മജ റൂഹായതിനെ പ്പരിപാവനമാ-ക്കി
വത്സലസുതനെ-ന്നാർത്താനത്താതൻ
തൻതലതാഴ്ത്തീ-ട്ടാത്മജനമതിൽ മുങ്ങി
പ്രാവിൻ-വടിവിൽ റൂഹാക്കുദിശാതനയന്മേൽ താ-ണു

ജീവൻ-ജഗതിക്കരുളീടും മഹിത ത്രിത്വ-ത്തിൽ
ഹാലേലുയ്യ-കൊള്ളുന്നഭയം നാം. മൊറിയോ.....

(കുരിശടയാളമുള്ള വെള്ളത്തുണികൊണ്ടു മാമൂദീസാത്തൊട്ടി മൂടുന്നു)
(+ മാമോദീസാതൊട്ടി തുറക്കുന്നു)

*Deacon / Acolytes :* Kurielaison കുറിയേലായിസോൻ

*Celebrant:* (Inaudible) **GHONTO**

O Lord, Thou hast given us, the well spring of true purification, which removes stains and marks of sins. O Lord, even now – through the intercession of us sinners, grant Thy holy inspiration which Thy Only begotten Son breathed on His holy disciples.

കർത്താവേ! പാപത്തിന്റെ സകല കളങ്കവും മാലിന്യവും നീക്കികളയുന്ന യഥാർത്ഥമായ നൈർമ്മല്യത്തിന്റെ നീരുറവ കർത്താവു ഞങ്ങൾക്കു നൽകിയിയിരിക്കുന്നു. കർത്താവേ! പാപികളായ

ഞങ്ങളുടെ മദ്ധ്യസ്ഥതയാൽ തന്റെ ഏകപുത്രൻ തന്റെ വിശുദ്ധ ശിഷ്യന്മാരിൽ ഊതിയ ആശ്വാസം ഇപ്പോൾ നൽകണമെ.

(Audible) **TATYO**

O Lord, because Thou art the Saviour and the purifier and the giver of all good things, we offer praise to Thee and Thy Only begotten Son and to Thy Holy Spirit, now and forwever. Hoso……

കർത്താവേ! ഞങ്ങളുടെ രക്ഷിതാവും വെടിപ്പാക്കുന്നവനും സർവ്വവിധ നന്മകളും പ്രദാനം ചെയ്യുന്നവനുമാകയാൽ തനിക്കും തന്റെ ഏകപുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുന്നു. ഹോശോ.....

## Now the Celebrant breathes three times upon the water in the form of a cross, from west to east and from south to north, praying loudly:

(കർമ്മി വെള്ളത്തിൽ പടിഞ്ഞാറു നിന്ന് കിഴക്കോട്ടും തെക്കുനിന്നു വടക്കോട്ടും കുരിശാകൃതിയിൽ മൂന്നു പ്രാവശ്യം ഊതുന്നു)

*Celebrant:* Lord, Thou turn to this water and sanctify it **+ + +**
കർത്താവേ! ഈ വെള്ളത്തിന്റെ നേരേ തിരിഞ്ഞ് ഇതിനെ ശുദ്ധീകരിക്കേണമെ. **+ + +**

*Deacon / Acolytes :* Kurielaison കുറിയേലായിസോൻ

*Celebrant:* **(Inaudible) GHONTO**O

Lord, under the sign of Thy + cross, may the head of the dragon, the murderer of mankind, be crushed. + Drive away the aerial and invisible demons flee away. O Lord: We pray Thee, let not the evil spirit of darkness be hidden in this water, + nor the unclean spirit of obscurity that causes mortal troubles and mental disturbance, be allowed to go down into this water with the one who is to be baptized. Put away from him/her the operations of the adversary.

കർത്താവേ! മനുഷ്യരെ കൊല്ലുന്നവനായ ആ മഹാസർപ്പത്തിന്റെ തല പരിശുദ്ധസ്ലീബായുടെ + അടയാളത്തിൻ കീഴിൽ ചതയപ്പെടുമാറാകണമെ. + അന്തരീക്ഷത്തിലെ അദൃശ്യങ്ങളായ നിഴലുകൾ ഓടി മറയുമാറാകയും ചെയ്യണമെ. കർത്താവേ! കർത്താവിനോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അന്ധകാരത്തിനടുത്തവനായ + ആ പിശാച് ഈ വെള്ളത്തിൽ ഒളിച്ചിരിക്കയോ ദുഷ്ടവിചാരങ്ങളും മനശ്ചാഞ്ചല്യവും ഉളവാക്കുന്ന ആ അന്ധകാരമയനായ ദുഷ്ടാത്മാവ് മാമൂദീസാ മുങ്ങുന്ന ഇവ(ന്റെ) (ളുടെ) കൂട്ടത്തിൽ ഇറങ്ങുകയോ ചെയ്യുവാനിടയാകരുതെ. ആകൽക്കറുസായുടെ വ്യാപാരം ഇവ (നി)(ളി)ൽ നിന്നു മാഞ്ഞുപോകുവാൻ കൃപ ചെയ്യണമെ.

*Celebrant:* **(Audible) TLAYTO**

Thy church and Thy flock redeemed by Thy Cross + while standing by the waters of the river Jordan humbly beseech Thee and by Thee and along with Thee and Thy Father saying: Laboo--- k Kad-om'ro
പരിശുദ്ധ സ്ലീബായാൽ രക്ഷിക്കപ്പെട്ടതായ തിരുസഭയും ആട്ടിൻകൂട്ടവും യോർദ്ദാൻ നദീപ്രവാഹത്തിങ്കൽ നിന്നുകൊണ്ടു് തന്നോടും താൻ മുഖാന്തിരവും തന്നോടുകൂടെയും തന്റെ പിതാവിനോടും മനോവേദനയോടെ അപേക്ഷിക്കുന്നു : ലാബൊ-ക്കാ-ദെമറൊ

*Response:* Have mercy on us, God Father Almighty.
സർവ്വശക്തിയുള്ള പിതാവായ ദൈവമേ! ഞങ്ങളോടു കരുണ ചെയ്യണമെ.

*Celebrant:* O Lord, We, Thy weak and sinful servants, while receiving Thy grace, also raise up thanks and praise unto Thee, by and for all your gifts and blessings.
കർത്താവേ! ബലഹീനരും പാപികളുമായ തിരുദാസരായ ഞങ്ങൾ കർത്താവിനു നന്ദി പറയുകയും സകലത്തേയും പ്രതിയും സകലത്തിനും വേണ്ടിയും ഉള്ള തൻ ദയയെ സ്തോത്രം ചെയ്യുകയും ചെയ്യുന്നു.

*Deacon/Acolytes :* Barekmor. My beloved, how awful is this hour and how solemn this time, wherein the Holy Spirit from the topmost heights of heaven taken wining and descends, and broods and rests upon this Holy baptismal water set before us and sanctifies it. Stand ye still, with fear and trembling and pray that peace may be with us all of us may have tranquility.
ബാറെക്മോർ, എന്റെ വാത്സല്യമുള്ളവരേ! ജീവനുള്ള പരിശുദ്ധ റൂഹാ സ്വർഗ്ഗീയ മഹോന്നതങ്ങളിൽ നിന്ന് പ്രതാപത്തോടുകൂടി ഇറങ്ങി ഈ മാമോദീസാ വെള്ളത്തിന്മേൽ പൊരുന്നി ആവസിപ്പിച്ച് അതിനെ ശുദ്ധീകരിക്കുന്ന ഈ നാഴിക എത്ര ഭയങ്കരവും എത്ര സംഭ്രമജനകവുമാകുന്നു. നിങ്ങൾ അടക്കത്തോടും ഭയത്തോടും നിന്നുകൊണ്ട് പ്രാർത്ഥിപ്പിൻ.

## INVOCATION OF THE HOLY SPIRIT

The Celebrant bows, flutters his hands over the water and calls down the Holy Spirit:

O God, Father Almighty; have mercy on us, and send Thy Holy Spirit upon us and upon this water which is being sanctified, from Thy prepared dwelling place and from Thy boundless bosom. He is Personal (qnumoyo), and pre-eminent, the Lord and lifegiven. He spoke through the law and the Prophets and the Apostles. He is present in all places, fills all space, and perfects in holiness those who obey Thy perfect will, not as a servant but as Lord, pure in nature, working in myriad ways, and is the well spring of spiritual gifts. He is consubstantial with Thee, proceeds from Thee and takes from Thy Son. He is equal on the throne of Thy Kingdom to Thee and to Thine only begotten Son, our Lord and God and saviour Jesus Christ.

(കമ്മി കൈ ആവസിപ്പിച്ചുകൊണ്ടു് പരിശുദ്ധാത്മ വിളിയുടെ രഹസ്യപ്രാത്ഥന)

സവ്വാധിപതിയായ പിതാവാം ദൈവമേ! ഞങ്ങളിൽ കരുണതോന്നി ക്നൂമായ്ക്കുടുത്തവനും ഉന്നതനും കത്താവും ജീവദായകനും ന്യായപ്രമാണവും ദീഘദശിമാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനും എല്ലായിടത്തും സമീപസ്ഥനും സകലത്തേയും പൂത്തീകരിക്കുന്നവനും താൻ പ്രിയപ്പെടുന്നവരിൽ സ്വന്ത ഇഷ്ടപ്രകാരം ഭൃത്യനെപ്പോലെയല്ല, അധികാരിയെപ്പോലെ, വിശുദ്ധത പ്രവത്തിക്കുന്നവനും പ്രകൃത്യാ നിമ്മലനും വിവധ വ്യാപാരങ്ങളോടുകൂടിയവനും ദൈവികദാനങ്ങളുടെ ഉറവിടവും സാരാംശത്തിൽ തന്നോടുണ്ടന്നായിരിക്കുന്നവനും തന്നിൽ നിന്ന് പുറപ്പെടുകയും തന്റെ പുത്രനിൽ നിന്ന് എടുക്കയും ചെയ്യുന്നവനും തന്റേയും ഞങ്ങളുടെ കത്താവും ദൈവവും രക്ഷകനുമായ തന്റെ ഏകപുത്രൻ യേശുമ്ശിഹായുടേയും രാജ്യത്തിലെ പദവിയിൽ തുല്യനുമായ തന്റെ പരിശുദ്ധ റൂഹായെ ഒരുക്കപ്പെട്ടതായ തന്റെ വാസസ്ഥലത്തു നിന്നും നിസ്സീമമായ തന്റെ മടിയിൽ നിന്നും ഞങ്ങളുടെ മേലും ശുദ്ധികരിക്കപ്പെടുന്ന ഈ വെള്ളത്തിന്മേലും അയയ്ക്കണമെ.

*Celebrant:* **TLAYTO (Aloud)**
Answer me, O Lord, Answer me, O Lord, Answer me, O Lord and have mercy upon me.
കർത്താവേ! എന്നോടുത്തരമരുളണമെ. കർത്താവേ! എന്നോടുത്തരമരുളണമെ. കർത്താവേ! എന്നോടുത്തരമരുളിച്ചെയ്ത് ദയതോന്നി എന്നോടു കരുണ ചെയ്യണമെ.
*Deacon / Acolytes :* Kurielaison, Kurielaison, Kurielaison
കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ

# At every invocation, the Celebrant makes a sign of the cross:

O Lord God Almighty, make this water to be water of comfort, water of joy and gladness, water which symbolies the death and resurrection of Thy Only begotten Son, and water of sanctification. +
Make this water to be that which cleanses from the difilement of body and sould, releases from all bondage, forgives sins, and enlightens the body and the soul. *Amen.* +
Make this water to be a bath of rebirth, gift of adoption as child of God, the garment of incorruption, and renewal by Thy Holy Spirit. *Amen.* +

(കർമ്മി ഓരോ ഖണ്ഡിക ചൊല്ലുമ്പോഴും വെള്ളത്തിൽ കുരിശടയാളം വരക്കുന്നു)

സർവ്വാധിപതിയാകുന്ന ദൈവമായ കർത്താവേ! ഈ വെള്ളത്തെ ആശ്വാസജലവും സന്തോഷകരവും ആനന്ദകരവുമായ വെള്ളവും തന്റെ ഏകപുത്രന്റെ മരണത്തേയും പുനരുത്ഥാനത്തേയും ദൃഷ്ടാന്തപ്പെടുത്തുന്ന വെള്ളവും വെടിപ്പാക്കുന്ന വെള്ളവും ആക്കിത്തീർക്കേണമെ. + ആമ്മീൻ.

ഈ ജലത്തെ ആത്മശരീരങ്ങളുടെ മാലിന്യത്തെ ശുദ്ധീക രിക്കുന്നതും ബന്ധനങ്ങളെ അഴിക്കുന്നതും പിഴകളെ ക്ഷമിക്കുന്ന തും ആത്മശരീരങ്ങളെ പ്രകാശിപ്പിക്കുന്നതും ആക്കിത്തീർക്കേണ മെ. + ആമ്മീൻ.

ഈ ജലത്തെ വീണ്ടും ജനനത്തിൽ സ്നാനവും പുത്രസ്വീ കാര്യത്തിൻ നൽവരവും നാശരഹിതമായ വസ്ത്രവും വിശുദ്ധാത്മാ വിൻ പുതുക്കവും ആക്കിത്തീർക്കേണമെ. + ആമ്മീൻ.

(The Celebrant raises the vessel of the Holy Mooron and moves it over the water crosswise three times, saying:)

(കശ്ശീ മൂറോൻ പാത്രം കയ്യിലെടുത്ത് മൂന്നുപ്രാവ ശ്യം കുരിശടയാളത്തിൽ ആഘോഷിച്ചുകൊണ്ട്)

O God, the waters saw Thee;
O Lord, the waters saw Thee and were afraid (Ps. 77:17)

ദൈവമേ! വെള്ളം നിന്നെ കണ്ടു. കർത്താവേ! വെള്ളം നിന്നെ ക ണ്ടു ഭയപ്പെട്ടു.

*Deacon / Acolytes :* Halleluiah ഹാലേലുയ്യ

*Celebrant:* The Lord's voice is upon the waters,
The glorious God thundered,
The Lord is over the great waters [Ps. 29:3]

കർത്താവിന്റെ ശബ്ദം വെള്ളത്തിന്മേൽ മുഴങ്ങി. മഹത്വമുള്ള ദൈ വമായ കർത്താവ് പെരുവെള്ളത്തിന്മീതെ ഗർജ്ജിച്ചു.

*Deacon / Acolytes :* Halleluiah ഹാലേലുയ്യ

*Celebrant:* Glory be to the Father and to the Son and to the Holy Spirit; from everlasting and unto the ages of ages.

പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും ആദിമുതൽ എന്നന്നേയ്ക്കും സ്തുതി.

*Deacon / Acolytes :* Amen. ആമ്മീൻ.

## The Celebrant pours Holy Mooron into the water in the sign of Cross saying:

(കമ്മി മാമൂദീസാതൊട്ടിയിൽ കുരിശാകൃതിയിൽ മൂറോൻ ഒഴിക്കുന്നു)

Into this water of baptism we pour the Holy Mooron that the old person be regenerated. In the name of the Father **+** and the of the Son **+** and of the living Holy Spirit **+** unto life everlasting. Barekmor. Basmo **+ + +** *Amen.*

ഈ മാമൂദീസാവെള്ളത്താൽ പഴയ മനുഷ്യൻ പുതുതാക്കപ്പെട്ടു് നവീകരിക്കപ്പെടുവാൻ വേണ്ടി പിതാവിന്റേയും **+** പുത്രന്റേയും **+** പരിശുദ്ധ റൂഹായുടേയും **+** നാമത്തിൽ പരിശുദ്ധ മൂറോൻ ഇതിൽ ഞങ്ങൾ ഒഴിക്കുന്നു. ബാറെക്മോർ. ബശ്മോ **+ + +** ആമ്മീൻ

*Deacon / Acolytes :* Kurielaison, കുറിയേലായിസോൻ

*Celebrant:* **(Inaudible) GHONTO**O

O Lord God, who sent Thy Holy Spirit in the form of a dove and sanctified the rushing streams of the Jordan, make perfect this Thy servant child being baptized, and

make this child a partaker with Christ by being purified by Thy salvific cleansing.

തന്റെ പരിശുദ്ധാത്മാവിനെ പ്രാവിന്റെ രൂപത്തിൽ അയച്ച് യോർദ്ദാൻ നദീപ്രവാഹത്തെ ശുദ്ധീകരിച്ച ദൈവമായ കർത്താവേ! മാമൂദീസാ മുങ്ങുന്ന ഈ തന്റെ പൈതലിനെ പൂർത്തീകരിച്ച് രക്ഷാകരമായ തന്റെ സ്നാനം മൂലം ഈ പൈതലിനെ നിർമ്മലമാക്കി തന്റെ മ്ശിഹായോട് സംബന്ധമുള്ളതാക്കിത്തീർക്കണമെ.

*Celebrant:* **TLAYTO (Aloud)**

So that becoming triumphant, by being renewed and filled with Thy grace, and being endowed with Thy divine gifts, this child and we may praise Thee and confess Thee and Thy Only begotten Son and the Holy Spirit now and forever. *Amen.*

ഈ പൈതൽ ഇതിനാൽ പുതുക്കപ്പെട്ട് ശ്രേഷ്ഠമായിത്തീരുകയും തിരുകൃപയിൽ നിറയുകയും തന്റെ ദിവ്യകല്പനകൾ പാലിക്കയും ഞങ്ങളും ഈ പൈതലും കൂടി തനിക്കും തന്റെ ഏകപുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ.

*Response:* *Amen.* ആമ്മീൻ

*Celebrant:* Peace be unto you all.
നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

*Response:* And with your spirit.
അവിടുത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

The Celebrant fluttering and waving his right hand over water says in a loud

voice each time making the sign of the cross on the water:

*Celebrant:* This water is blessed and sanctified that it may be for the divine washing of rebirth;

*Deacon / Acolytes :* Barekmore.

*Celebrant:* In the name of the living + Father, unto life. *Amen.*

In the name of the living + Son, unto life. *Amen*
In the name of the living + and Holy Spirit, unto life everlasting. *Amen*

**(കമ്മ്ി കൈ ആവസിപ്പിച്ചശേഷം വലതുകൈ നീട്ടി റൂശ്മാ ചെയ്തുകൊണ്ടുച്ചത്തിൽ)**

നിത്യജീവനുവേണ്ടി ജീവനുള്ള പിതാവിന്റെ + നാമത്തിലും, നിത്യജീവനുവേണ്ടി ജീവനുള്ള പുത്രന്റെ + നാമത്തിലും, നിത്യജീവനുവേണ്ടി ജീവനുള്ളവനും പരിശുദ്ധനുമായ പരിശുദ്ധ റൂഹായുടെ + നാമത്തിലും ഈ വെള്ളം ദിവ്യസ്നാനത്തിനും വീണ്ടും ജനനത്തിനുമായി ഭവിക്കുവാൻ വേണ്ടി ആശീർവദിക്കുന്നു.

Then the Celebrant makes the baptizant descend into the baptismal font, and the Celebrant stands on the East facing the West and the face of the Baptizant is to the East towards the face of the Celebrant. The Celebrant then places his

right hand on the head of the baptizant, and with his left hand he takes the baptismal water and pours it over his head, then takes it from behind him and pours it over his head, and takes from his left and right sides together and pours it over the head. Saying:

*Celebrant:* [Name], is baptized in the hope of life and for the remission of sins.

(അനന്തരം സ്നാനാത്ഥിയെ കിഴക്കോട്ടു മുഖമായി മാമോദീസാ തൊട്ടിയിൽ ഇറക്കിനിത്തുന്നു. കമ്മി തൊട്ടിയുടെ കിഴക്കു വശത്ത് പടിഞ്ഞാറോട്ടു തിരിഞ്ഞ് സ്നാനാത്ഥിയ്ക്കഭിമുഖമായിനിൽക്കുന്നു. കമ്മി തന്റെ വലത്തുകൈ സ്നാനാത്ഥിയുടെ തലയിൽ വെച്ചുകൊണ്ട് ഇടതുകൈകൊണ്ട് വെള്ളം കോരി സ്നാനാത്ഥിയുടെ തലയിൽ ഒഴിക്കുന്നു. ആദ്യം സ്നാനാത്ഥിയുടെ മുൻപിൽ നിന്നും രണ്ടാമതു പിറകിൽ നിന്നും മൂന്നാമതു വലതുവശത്തു നിന്നും ഇടത്തുവശത്തു നിന്നും വെള്ളം കോരി ഒഴിച്ചുകൊണ്ട് ചൊല്ലുന്നു:)
ജീവന്റേയും പാപമോചനത്തിന്റേയും പ്രത്യാശയിൽ നിത്യജീവനു വേണ്ടി പിതാവിന്റേയും + പുത്രന്റേയും ജീവനുള്ള പരിശുദ്ധ റൂഹായുടേയും + നാമത്തിൽ (പേര്) മാമൂദീസാ മുങ്ങുന്നു.

*Deacon / Acolytes :* Barekmore.

In the name of the Father and of the Son and of the living Holy Spirit, unto life everlasting; Barekmore.
Bashmo Daabo...... **+ + +** *Amen.*

And then the Celebrant lifts up the baptized and gives to God-father/mother.

The Deacons/Acolytes say this QOLO to the tune of “The Two Worlds, O Lord.”

(കമ്മ്ി സ്നാനാത്ഥിയെ തൊട്ടിയിൽ നിന്ന് കയറ്റി തലതൊടുന്നയാളെ ഏല്പിക്കുന്നു. ശെമ്മാശ്ശൻ/ശുശ്രൂഷക്കാരൻ ഈ ഗീതം ചൊല്ലുന്നു)

(നിന്മ മഹിമയോടാ)

Stands in glory by King’s daughter
By Spirit, of Baptism
Born again through the-water
Lovely little one, this lamb
Sacred Church, receive-thou now

O, daughter, listen, look-
And incline Thy ear
Touching Holy Baptism
Thus spoke son of Scariah – John
I do baptize in water
He who comes-does in spirit. Barekmore, Subhaho

In holy name of Trinity
Born of water all anew
Little lamb of-Baptism
We welcome Thee, O, welcome [Menolam]

For warfare then Gathered men
Tested in water-Gideon
Worshippers Christ did rescue
Through water-by the spirit.

(ത്രൈഹുൻഒലമെ)

നിന്നു മഹിമയൊടാ രാജകുമാരി.
മാ-മോദീ-സായിൻ-നീരീ-
ന്നാ-ത്മാവാൽ-ജാതം-ചെയ്തൊ-
രീ-തങ്ക-കുഞ്ഞാ-ടിനെ നീ
യേ-ൽക്കുക പാവനയാം-സഭയേ!

എൻമകളേ കേൾക്കുക
നോക്കുക ചെവിചായിക്ക.
ഈ-സ്നാന-ത്തേമുൻ-നിത്തി
മുൻ-ചൊന്നാൻ-സ്ക്കറിയാ-തനയൻ
നൽ-കുന്നേൻ-സ്നാനം-നീരിൽ
വ-ന്നീടുന്നോനാ-ത്മാവിൽ  ബാറെക്മോർ-ശുബഹോ.....

ത്രി-ത്വത്തിൻ-തിരുനാ-മത്തിൽ
നീ-രിൽ സം-ജാതാ!  നവമാം
കു-ഞ്ഞാടേ-സ്നാനാത്മജനേ!
സ്വാഗതമോ-തുന്നേ-ൻ-വരിക.        മെനഒാലം.....

പോ-രിന്നാ-ളുകളെ-കൂട്ടി
തോ-യത്തിൽ-നിന്നും ഗിദയോൻ
ത-ന്നാരാധകരേ-മ്ശിഹാ
സ്നാ-നത്തിൻ-നീരീ-ന്നേറ്റു.

And the Celebrant takes the bottle of Mooron in his hand and he says this prayer standing upright:

O Lord may this Your servant, who by faith and baptism has been counted among Your servants, become worthy to receive this seal and sign in Your Holy Name. Grant O Lord, that he/she is spiritually filled with the sweet fragrance through this Mooron, he/she may become free from the rule of the hostile powers and, henceforth, he/she may not be afraid of evil powers and the rulers of darkness. Show him/her the way to walk in the light of Your commandments that he/she may be worthy to become the son/daughter of Thy light and by following light he/she may reach Thy Holy presence.

(കമ്മ്ി മൂറോൻകുപ്പിയെടുത്തു പിടിച്ചുകൊണ്ടു്)

കർത്താവേ! മാമൂദീസായിലുള്ള വിശ്വാസം മൂലം തിരുഭടന്മാരുടെ കൂട്ടത്തിൽ എണ്ണപ്പെട്ടിരിക്കുന്ന ഈ കർത്താവിന്റെ പൈതൽ ഈ പരിശുദ്ധമായ മുദ്രയും അടയാളവും തിരുനാമത്തിൽ പ്രാപിക്കുമാറാകണമെ. ഈ മൂറോൻതൈലത്താൽ ആത്മീയമായ സകലവിധ പരിമളവാസനകളാലും ഈ പൈതൽ നിറയുകയും പ്രതികൂല സൈന്യങ്ങൾക്കു കീഴടങ്ങാത്തതായിത്തീരുകയും ചെയ്യണമെ. ഇനി ഈ പൈതൽ ദുഷ്പ്രഭുകളേയോ അന്ധകാരശക്തികളേയോ ഭയപ്പെടുവാനിടയാകാത തന്റെ തേജസ്സിൽ തന്നെ നടക്കുകയും പ്രകാശസന്താനമായിത്തീരുകയും തന്നിൽകൂടി സഞ്ചരിച്ചുകൊണ്ട് തിരുസന്നിധിയിൽ എത്തിച്ചേരുകയും ചെയ്യണമെ.

Now the Celebrant turns to the baptized and dipping his thumb into the Mooron, signs him/her on the forehead in the form of a cross saying:

(അനന്തരം കർമ്മി തന്റെ പെരുവിരലിൽ മൂറോൻ പുരട്ടികൊണ്ട് സ്നാനാർത്ഥിയുടെ നേരേ തിരിഞ്ഞ് സ്നാനാർത്ഥിയുടെ നെറ്റിയിൽ മൂന്നുപ്രാവശ്യം കുരിശാകൃതിയിൽ മുദ്രയിടുന്നു.)

The sweet fragrance of Christ, the sign and seal of the true faith and the perfection of the gift of the Holy Spirit, by this Holy Mooron, (name), is sealed, in the name of the Father, and the Son and of the Living and Holy Spirit unto life everlasting.

Barekmore. Bashmo Dabo..... + + + *Amen.*

മ്ശിഹായുടെ പരിമളവാസനയും സത്യവിശ്വാസത്തിന്റെ അടയാളവും മുദ്രയും വിശുദ്ധാത്മനൽവരത്തിന്റെ പൂർത്തീകരണവുമായ വി. മൂറോൻ ..... നിത്യജീവനുവേണ്ടി പിതാവിന്റേയും + പുത്രന്റേയും + ജീവനുള്ള പരിശുദ്ധറൂഹായുടേയും + നാമത്തിൽ മുദ്രകുത്തപ്പെടുന്നു. ബാറെക്മോർ

## Then he annoints the baptized person with Mooton from head to toe the entire body and they sing this MA'NITO:

(അനന്തരം സ്നാനാർത്ഥിയുടെ തലമുതൽ കാലുവരെ ശരീരം മുഴുവനും മൂറോൻ പൂശികൊണ്ട്:)

Petgomo: Let your heart be strengthened and fortfield ...

By the graceful washing you are seen in the world in the form of light. Be strengthened by the power from above through the Holy Spirit. Hate and turn

away your face from the old person who is corrupted by the pleasure and desire of error. So far, you were dealing with those works. Receiving the word of life among the unbelievers, realize now that your are hasterning the new life, which is coming and is promised to the faithful, and you shall be worthy to reign with Christ according to the abundance of his great mercy.

(എസ്ഹായൽ ഇനെസ് ആശൻ)

തവഹൃദയം ബലമാർന്നീടട്ടെ-കാരുണ്യത്തിൻ സ്നാനത്താലേ
തേജോഗോളസമാനം ഭൂമൌസിപ്പോനെ-സമ്പാദിക്കുക
സ്വർഗ്ഗീയബലം നീ റൂഹായാൽ-വഞ്ചനനിറയും മോഹരസത്താൽ
ജീർണ്ണിച്ചവനാം പൂർവ്വമനുഷ്യനെ വിദ്വേഷിക്കജീവനെഴും വചനം
തവശരണമവിശ്വാസികളുടെ സംസർഗ്ഗത്തിൽ-വിശ്വാസികളുടെ
വാഗ്ദത്തമതാം വരുവാനുള്ളോരു നവജീവങ്കൽ പായുന്ന നീ-
നിജകരുണാ സമ്പത്തിന്നനുസരണം നീ നേടുക യോഗ്യത
മ്ശിഹാ സഹിതം വാണീടാൻ.

Another one, to the tune "Lord of the evening."
[Meshaho – da – kudisko]

Almighty spoke-Aa-ro-n anoint with
Chrism sacred – that he comes holy
This lamb is now – anointed with
Chrism sacred – as he (she) gets baptized

Barekmore – Subhaholo....

Chrism-this is – used to anoint
Truly this lamb-as he(she) gets baptized
Holy Spirit – ble-sses this child in
Godly descent – all in mystery

(ഈ സമയത്തേയ്ക്കു വേറൊന്ന്)

(മെശഹോദക്കദിശോ)
ദൈവം ചൊന്നാൻ, അഹറോ-നെ പൂശുക
പാവനനാവാ-ൻ, പാവനതൈലത്താൽ
പൂ-ശു-ന്നിപ്പോൾ, സ്നാ-നം-പ്രാപിപ്പൊരു
കുഞ്ഞാടിനെയീ-പാവനതൈലത്താൽ
ബാറെക്മോർ-ശുബഹോ.........

മാ-മോ-ദീ-സാ, യേൽക്കും-കുഞ്ഞാടിനെ
വെളിവായ് പൂശും-തൈലവുമിതുതന്നെ
റൂ-ഹാ-ഗൂ-ഢം, റൂശ്മാ-ചെയ്തുമൊടു
ദൈവികമായ് വാ-ണിവനേ വാഴ്ത്തുന്നു.

The Celebrant leads him/her to the sanctuary and crowns him/her with a crown and says:

(അനന്തരം സ്നാനാർത്ഥിയെ മദ്ബഹായിൽ പ്രവേശിപ്പിച്ച് കിരീടം ധരിപ്പിച്ചുകൊണ്ടു പ്രാർത്ഥിക്കുന്നു.

സ്നാനാർത്ഥി പുരുഷനെങ്കിൽ മൂന്നുപ്രാവശ്യം ത്രോണോസിനു പ്രദിക്ഷണം വെയ്പ്പിക്കുന്നു. സ്ത്രീയെങ്കിൽ മദ്ബഹാ വാതിൽക്കൽവെച്ച് കിരീടം ധരിപ്പിക്കുന്നു.

O Lord, crown this Thy servant with splendor and glory and let his/her life be pleasing to Thy majesty and for the glory of Thy holy Name, the Father and the Son and the Holy Spirit forever. *Amen.*

പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമായ കർത്താവേ! ഈ കുഞ്ഞിനെ പ്രഭകൊണ്ടും മഹത്വം കൊണ്ടും കിരീടം ധരിപ്പിക്കയും ഇതിന്റെ ജീവിതം തന്റെ കർതൃത്വത്തിനു പ്രീതികരവും തി

രുനാമമഹത്വത്തിനു അനുയോജ്യവും ആയിത്തീരുകയും ചെയ്യണ
മെ.

## SOOGEESO

**നൃപരും മോഹിച്ചൊരു**

Crown adorns Thy head-kings had sought for it
Adore, Almighty, thou be-loved one

Thy raiment dazzles – just as spotless snow
Thy beauty surpasses – River Jordan

Strengthened by Spirit – like an angel bright
Thou rise from the water of baptism

Crown adorns Thy head – withers not away
Thou dost own the glory of Adam's house

Blessing, thou dear one, of heaven, is thine
Watch out! Lest satan may steal it from thee

Dispensed through the priest – by the Holy One
Thy crown brilliant, thy raiment radiant!

Fruit of Paradise – escaped Adam's lips
With joy, that is places in thy mouth today

Child of baptism – go forth in glory
Worship the Cross which always keepth thee

Praise to Thee Father, worship unto Son
Holy Spirit, praise and glory to Thee!

സുഗീസോ

നൃപരും-മോഹിച്ചോരു മകുടം നീ ചാർത്തി
നിഖിലേ-ശാത്മജനേ സ്തുതിചെയ്യുക സഹജാ!

ഹിമമെ-ന്നോണം നിൻവസനം-മിന്നുന്നു.
യോർദാ-ൻനദിയേക്കാൾ ഹൃദ്യം-നിൻകാന്തി.

റൂഹാ-തൻബലമോടൊരു മാ-ലാഖസമം
മാമോ-ദീസായിൽ നിന്നും-നീ കയറി.

വാടാ-ത്തൊരുമകുടംതലമേൽ -നീ ചൂടി
ആദാം-ഗൃഹമഹിമാവീനാൾ-നീനേടി.

സഹജാ! സ്വർഗ്ഗീയം ഭാഗ്യം-നീയാർന്ന്
കരുതീ-ടുക ദുഷ്ടൻ മോഷ്ടിച്ചീടായ്‌വാൻ

ആചാ-ര്യൻ (ശ്രേഷ്ഠാ) വഴിയായാദ്യൻ-നൽകിയതാം
മകുടം-യോഗ്യം നിൻവസനം-രമണീയം

പറുദീസയിലാദാം രുചിനോ-ക്കാത്തഫലം
സാമോ-ദം വയ്ക്കുന്നിനാൾ-നിൻവായിൽ.

സ്നാനത്തിൻ ശിശുവേ! സശുഭം-പോവുക നീ
നതിചെ-യ്യുക നിന്നെകാക്കും-സ്ലീബായെ.

ജനകാ! സംസ്തുതിതേ തനയാ! സ്തോത്രം തേ
വിമലാത്മാവേ! തേനതിയും കീർത്തനവും ....

**HUTOMO**

May God the Father be with you, and the Adorable Son protect you. The holy Spirit Whom you have put on may perfect you and deliver you from all deceit, and may the baptism you have received abide in you forever and ever.

*Amen.*

കമ്മി ഹൂത്തോമൊ പ്രാത്ഥന

പിതാവാം ദൈവം നിന്നോടുകൂടെ ഉണ്ടായിരിക്കട്ടെ. വന്ദ്യനായ പുത്രൻ നിന്നെ കാത്തുകൊള്ളട്ടെ. നീ ധരിച്ചിരിക്കുന്ന പരിശുദ്ധ റൂഹാ നിന്നെ പൂത്ത്ീകരിച്ച് ഉപദ്രവങ്ങളിൽ നിന്ന് നിന്നെ രക്ഷിക്ക ട്ടെ. നീ സ്വീകരിച്ചിരിക്കുന്ന മാമോദിസാ എന്നന്നേയ്ക്കും നിന്നിൽ വസിക്കയും ചെയ്യുമാറാകട്ടെ.

## Then the Deacon/Acolytes dismisses them and he says:

Go in peace while we commend you to the grace and mercy of the Holy Trinity with the Holy Mooron you have received from the atoning baptism of Christ our God, forever and ever. *Amen.*

(അനന്തരം ശുശ്രൂഷക്കാരൻ അവരെ പിരിച്ചയച്ചുകൊണ്ട്:)

എന്നന്നേയ്ക്കും നമ്മുടെ ദൈവമായ മ്ശിഹായുടെ പാപപരി ഹാരപ്രദമായ മാമോദീസായാൽ നിന്ന നീ പ്രാപിച്ചിരിക്കുന്ന മൂ റോനോടുകൂടെ, പരിശുദ്ധ ത്രിത്വത്തിന്റെ കൃപയ്ക്കും കരുണയ്ക്കും നിന്നെ ഞങ്ങൾ സമപ്പിക്കുന്ന ഈ സമയത്ത് നീ സമാധാനത്തോ ടെ പോവുക.

**PRAYER FOR THE REMOVAL OF THE CROWN AFTER SEVEN DAYS**

O Lord, lead this Thy servant to the evangelical life. Thou has perfected him/her as a brother/sister of Thine Only Begotten Son from the Spiritual mother, that is the adoption as the child of God. Let him/her receive in the heavenly kingdom this Crown which is preserved for those who attain a blessed end. Let him/her not lose the help of Thy right hand, as this crown is removed from

him/her. But rather, may he/she gain strength and growth by it. May him/her receive the crown of the heavenly call and glorify Thee and Thy Only begotten Son and Thy Holy Spirit who is consubstantial with Thee, now and forever. *Amen.*

(ഏഴു ദിവസങ്ങൾക്കു ശേഷം കിരീടം അഴിക്കുമ്പോൾ പ്രാർത്ഥന)

കർത്താവേ! തൻ പുത്രസ്വീകാരമാകുന്ന ആത്മീയമാതാവിൽ നിന്ന് തന്റെ ഏകപുത്രന്റെ സഹോദരനായി താൻ പൂർത്തീകരിച്ചിട്ടുള്ള ഈ പൈതലിനെ ജീവദായകമായ വിവേകശക്തി മൂലം സുവിശേഷപരമായ നടപടികളിലേയ്ക്കു നയിച്ചുകൊള്ളണമെ. നല്ല അവസാനം പ്രാപിക്കുന്നവർക്കായി സൂക്ഷിച്ചുവെച്ചിരിക്കുന്ന ഈ കിരീടം തന്റെ സ്വർഗ്ഗരാജ്യത്തിൽ വെച്ച് ഈ വ്യക്തി പ്രാപിക്കുമാറാകണമെ. ഈ കിരീടം നീക്കപ്പെടുന്നതോടുകൂടി തന്റെ വലതു കയ്യുടെ സഹായം ഈ പൈതലിന്നു നഷ്ടപ്പെടാതെ അതിൽ തന്നെ ഈ പൈതൽ ഉറച്ചു ശക്തി പ്രാപിച്ചു വളരുകയും സ്വർഗ്ഗീയമായ ആഹ്വാനത്തിന്റെ കിരീടം പ്രാപിക്കയും ചെയ്തു് തന്നേയും തന്റെ ഏകപുത്രനേയും സാരാംശത്തിൽ തന്നോട് ഒന്നായിരിക്കുന്ന പരിശുദ്ധ റൂഹായേയും സ്തുതിക്കുമാറാകണമെ. ഹോശോ......

*Compiled, Typed, Typeset, Printed & Published by Joykutty, Detroit*
*This is a Joykutty Publication*